മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 08 No. 09 THE ONLINE OFFICIAL NEWS BULLETIN 2025 February 27

SEASON OF GREAT LENT | വലിയ നോമ്പുകാലം | ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
2	3	4	5	6	7	8
Pethurtha hadbšabo d qotné (Cana) 1st Sunday of Great Lent	Sawmo rabo/tesmesto d-subqono **Great lent begins Reconciliation Service**					Comme. of St. Ephrem & Mar Theodorus
♪ 1	♪ 5	♪ 1	♪ 5	♪ 1	♪ 5	♪ 8



ഓർത്തഡോക്സ് സഭ ഭവന നിർമ്മാണ ധനസഹായം വിതരണം ചെയ്തു

കോട്ടയം: സ്വന്തം വളർച്ചക്കൊപ്പം സഹജീവിയെയും കരുതുമ്പോഴാണ് ക്രിസ്തീയ ദൗത്യം പൂർത്തീകരിക്കപ്പെടുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ. കോട്ടയം പഴയ സെമിനാരിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭവന നിർമ്മാണ ധന സഹായ വിതരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു സഭാധ്യക്ഷൻ. കഴിഞ്ഞവർഷം 101 കുടുംബങ്ങൾക്കായിരുന്നു സഭ സാമ്പത്തിക സഹായം നൽകിയത്. ഇത്തവണ സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട 102 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സാമ്പത്തിക സഹായം വിതരണം ചെയ്തു. ലഭിച്ച 200ൽ അധികം അപേക്ഷകൾ പരിശോധിച്ച ശേഷമാണ് അർഹരായ 102പേരെ തെരഞ്ഞെടുത്തത്.

അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സഭയുടെ വരുമാനത്തിന്റെ 60ശതമാനവും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇത്തവണ 51ലക്ഷം രൂപയാണ് ഭവന നിർമ്മാണ ധനസഹായ പദ്ധതിയിലൂടെ നൽകിയത്. ഭവന നിർമ്മാണ സഹായ സമിതി കൺവീനർ ജിജു പി വർഗീസ് സ്വാഗതം ആശംസിച്ചു. അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ഫാ. ജേക്കബ് ഫിലിപ്പ്, എൻ. എ. അനിൽമോൻ, കോശി ഉമ്മൻ, ജേക്കബ് കൊച്ചേരി, ഷാലു ജോൺ, സിബി ജോൺ എന്നിവർ പ്രസംഗിച്ചു.



ചെങ്ങന്നൂർ ഭദ്രാസന ഫെസ്റ്റ് വിപണന സ്റ്റാൾ ഉദ്ഘാടനം ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ മാർത്തോമാ സഭ ചെങ്ങന്നൂർ മാവേലിക്കര ഭദ്രാസനാധിപൻ ഡോ. യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ നിർവഹിക്കുന്നു.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് കോട്ടയം പഴയസെമിനാരിയിൽ നടന്ന ശ്ലൈഹിക വാഴ്‌വ്.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ഇടക്കെട്ട്, വിരിക്കൂട്ട്, പേഴ്സണൽ ഡയറി എന്നിവ പഴയസെമിനാരിയിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വത്തിൽ പുനഃസ്ഥാപിച്ചു.



മലങ്കരസഭയിലെ ഇടവക ശുശ്രൂഷകളിൽ നിന്നും വിരമിച്ച വൈദികരുടെ, വാർഷിക സമ്മേളനവും, കുടുംബ സംഗമവും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

121. പുതുമഠത്തിൽ കീവറിച്ചനു. കേരള ബാങ്കിൽ ഇട്ടിരിക്കുന്ന ഡിപ്പോസിറ്റ് 500 രൂപാ അയച്ചുതരുന്നതിനു. 103 ചിങ്ങം 27-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

122. ചക്കോലിൽ ഉണ്ണൂണ്ണിക്കു. ചേപ്പാട്ടുപള്ളിയിലെ വഴക്കിനെപ്പറ്റിയും മറ്റും. ടി തീയതി. ടി സ്ഥലം.

123. കണിയാന്ത്ര അലക്സന്ത്രയോസു കത്തനാർക്കു. വട്ടിപ്പണക്കേസിലേക്കു മേപ്രാൽ പള്ളിയിൽ നിന്നും പണം അയച്ചുതരുന്നതിനു. 103 ചിങ്ങം 28-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

124. പുത്തൻമഠത്തിൽ സ്കറിയാ കത്തനാർക്കു. ടി കാര്യത്തിനു. പത്തിച്ചിറ പള്ളിയിൽ നിന്നും പണം അയച്ചുതരുന്നതിനു. ടി തീയതി. ടി സ്ഥലം.

125. കിഴക്കേത്തലയ്ക്കൽ തോമസ്സു കത്തനാർക്കു. പുത്തൻകാവു പള്ളിയിൽ നിന്നും പണം അയക്കുന്നതിനു.

126. പൂവത്തൂർ ഫീലിപ്പോസു കത്തനാർക്കു. ചെങ്ങന്നൂർ പള്ളിയിൽ നിന്നും പണമയയ്ക്കുന്നതിനു.

127. പേരൂക്കാവിൽ മൂപ്പച്ചനു. പെരിശ്ശേരി പള്ളിയിൽ നിന്നും പണമയയ്ക്കുന്നതിനു.

128. കിഴക്കേ മണ്ണിക്കോയിക്കൽ കൊച്ചുമ്മനു. ... പള്ളിയിൽ നിന്നും പണമയപ്പിക്കുന്നതിനു.

129. ... കത്തനാർക്കു. കുടശ്ശനാട്ടു പള്ളിയിൽ നിന്നും പണമയച്ചുതരണമെന്നു. 103 ചിങ്ങം 28-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

130. ചെറിയമഠത്തിൽ അന്ത്രയോസു കത്തനാർക്കു. കൊല്ലാട്ടു പള്ളിയിൽ നിന്നും പണമയച്ചുതരുന്നതിനു. 103 ചിങ്ങം 28-നു തിരുവനന്തപുരം പള്ളി.

131. പനക്കാമറ്റത്തു അബ്രഹാം കത്തനാർക്കു. വട്ടിപ്പണക്കേസിലേക്കു നിരണത്തു പള്ളിയിൽ നിന്നും അയച്ച 300 രൂപായ്ക്കുള്ള ചെക്കു കിട്ടിയെന്നു. ടി തീയതി. ടി സ്ഥലം.

132. റ്റി. വി. ജോൺ ശെമ്മാശനു. കാതോലിക്കാ ബാവായിൽ നിന്നു കന്നി 9-നു കത്തനാരു പട്ടമേൽക്കുന്നുവെന്നും 11-ന് പുത്തൻ കുർബ്ബാന ചൊല്ലുന്നതായും അറിയുന്നതിൽ സന്തോഷിക്കുന്നു എന്നും ആശീർവാദങ്ങൾക്കു പ്രാർത്ഥിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

133. കാരിച്ചാൽ പള്ളിക്കാർക്കു. പ്രിയരെ, ഈ മാസം 19-നു നിങ്ങൾ അയച്ച അപേക്ഷ നമുക്കു കിട്ടി. കഴിഞ്ഞ മാസത്തിൽ നാം ആ പള്ളിയിൽ എത്തി അവിടെ താമസിച്ചിരിക്കുമ്പോൾ നമ്മുടെ മുമ്പാകെ വെച്ചു ആ പള്ളിയുടെ മുതൽചുമതലക്കാരായി നിങ്ങളുടെ തിരഞ്ഞെടുപ്പോടു കൂടി നാം നിശ്ചയിച്ച വടക്കേഅറ്റത്തു പുത്തൻപുരയ്ക്കൽ ചെറിയാൻ കൊച്ചുകോശി കുറെ ദിവസങ്ങളുടെ ശേഷം ഈ ആണ്ടിൽ ഈ ചുമതല വഹിക്കുന്നതിനു ചില കാരണങ്ങളാൽ തനിക്കു സൗകര്യമില്ലെന്നു പറഞ്ഞു ചുമതല ഒഴിഞ്ഞുകളഞ്ഞതിനാൽ പകരം നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന കൊച്ചുപറമ്പിൽ ഗീവറുഗീസ് മാത്തനെ ഈ ഒരാണ്ടത്തേക്കു മുതൽചുമതലയ്ക്കായി ഈ കല്പന മൂലം നാം നിയമിച്ചിരിക്കുന്നതാകകൊണ്ടു മുതൽ ചുമതല ഭംഗിയായും കൃത്യമായും ടിയാനെക്കൊണ്ടു നടത്തിച്ചുകൊള്ളണം. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്. സർവ്വശക്തനായ...

103 ചിങ്ങം 28-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

134. കിഴക്കേ മണ്ണിക്കോയിക്കൽ കൊച്ചിടിക്കുളയ്ക്കു. ഇന്നലെ കൊച്ചുമ്മന്റെ പേർക്കു അയച്ച കല്പന പേരു ... യതുകൊണ്ടു അതു വാങ്ങി സംഗതി മനസ്സിലാക്കുന്നതിനു. 103 ചിങ്ങം 29-നു തിരുവനന്തപുരം പള്ളി.

135. ചീരാമ്യാലിൽ ഗീവറുഗീസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.



136. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

137. കൊപ്പാറെ ഗീവറുഗീസ് കത്തനാർക്കു. പണപ്പിരിവിനെ സംബന്ധിച്ചു. 103 ചിങ്ങം 29-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

138. പാലത്തിങ്കൽ മത്തായി ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

139. പുത്തൻപുരയിൽ തോമസ്സു കത്തനാർക്കു. കരിപ്പുഴ പള്ളിക്കാര്യം. മാവേലിക്കര പള്ളിവികാരി നിയമനകാര്യം. ടി തീയതി. ടി സ്ഥലം.

140. കോവൂർ തോപ്പിൽ നൈനാച്ചനു. അപ്പന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

141. കാഞ്ഞിരംപറമ്പിൽ അവിരാ തരകനു. പണം അയച്ചു തരുന്നതിനു. ടി തീയതി. ടി സ്ഥലം.

103 ചിങ്ങം 29-നു കഴിഞ്ഞ ശനിയാഴ്ച 25-നു വൈകിട്ടു മീഖായേൽ മെത്രാൻ രഹസ്യമായി ചേപ്പാട്ടു പള്ളിയിൽ കയറുകയും പള്ളിയിൽ അടിലഹളയുണ്ടാകയും ചെയ്തു. ലഹളയിൽ മെത്രാന്റെ വടി മൂന്നു കഷണങ്ങളായി ഒടിഞ്ഞുപോകയും മറ്റും ചെയ്തതായും ലഹളയിൽപെട്ടു ... ഒരാൾ മരിച്ചുപോയതായും അറിയുന്നു.

ടി ചിങ്ങം 29. ഇന്നു രാവിലെ (അയ്മനം) അയ്മനം പി. ജോണിന്റെ മകൾ നാഗരുകോവിലിൽ വെച്ചു രോഗം നിമിത്തം മരിച്ചുപോയതായും സ്പെഷ്യൽ കാറിൽ സ്വദേശത്തിനു കൊണ്ടുപോയി പഴയചന്ത പള്ളിയിൽ അടക്കിയ തായും മറ്റും അറിയുന്നു.

142. കൊപ്പാറെ ഗീവറുഗീസു കത്തനാർക്കു. പണപ്പിരിവിനെക്കുറിച്ചു. 103 ചിങ്ങം 31-നു.

143. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. തിരുവനന്ത പുരം പള്ളിയിൽ നിന്നും.

144. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും മല്പാന്റെ സുഖക്കേടു വിവരങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

145. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. ചേപ്പാട്ടെ വഴക്കുകൾ തീർക്കാൻ ഉത്സാഹിക്കുന്നതിൽ സന്തോഷിക്കുന്നു എന്നും മറ്റും.

146. ബഥനി മെത്രാച്ചനു. ചേപ്പാട്ടെ വഴക്കുകൾ തീർക്കുന്നതിനു അവിടത്തെ കൊണ്ടുപോകുവാൻ കാർത്തികപള്ളിക്കാർ ആഗ്രഹിക്കുന്നതായി അറിയുന്നു എന്നും പോയി വഴക്കുകൾ തീർക്കുന്നതിനു സമ്മതമാണെങ്കിൽ നന്നായിരിക്കും എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

147. മൂക്കഞ്ചേരിൽ പത്രോസ് കത്തനാർക്കു. സ്ലീബായുടെ ദാസന്മാർ എന്ന .... അയച്ച എഴുത്തും മാപ്പും കിട്ടിയതിൽ സന്തോഷിക്കുന്നുയെന്നു. 103 ചിങ്ങം 31-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

148. പുതുമഠത്തിൽ കീവറിച്ചനു. നാഷണൽ ബാങ്കിലേക്കു അയച്ചിട്ടുള്ള 500 രൂപായുടെ ചെക്കു കിട്ടിയെന്നു. ടി തീയതി. ടി സ്ഥലം.

149. വർക്കിപ്പിള്ളയ്ക്കു. അയച്ച റിക്കാർഡുകൾ ഒപ്പിട്ടു പാലപ്പിള്ളിൽ കത്ത നാച്ചനുടനെ അയയ്ക്കും. മറ്റു വർത്തമാനങ്ങൾ. 103 കന്നി 1-നു തിരുവനന്ത പുരം പള്ളിയിൽ നിന്നും.

150. തേരകത്തു ചെറിയാൻകുഞ്ഞിനു. കേസിലേക്കു പണമയച്ചുതരുന്ന തിനു. 103 കന്നി 2-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

151. താഴത്തെപീടികയിൽ അലക്സന്ത്രയോസു കത്തനാർക്കു. കല്ലൂപ്പാറ പള്ളിയിൽ നിന്നും പണമയച്ചു തരുന്നതിനു. ടി തീയതി. ടി സ്ഥലം.

152. കിഴക്കേത്തലയ്ക്കൽ തോമ്മസു കത്തനാർക്കു. പുത്തൻകാവു പള്ളി യിൽ നിന്നും പണമയച്ചുതരുന്നതിനു. ടി തീയതി.

153. പൂവത്തൂർ ഫീലിപ്പോസു കത്തനാർക്കു. ചെങ്ങന്നൂർ പള്ളിയിൽ നിന്നും പണമയപ്പിച്ചുതരുന്നതിനു. ടി തീയതി. ടി സ്ഥലം.

154. കടക്കാട്ടു ഉണ്ണൂണ്ണിക്കു. പെരിശ്ശേരി പള്ളിയിൽ നിന്നും പണം അയച്ചു തരുന്നതിനു. 103 കന്നി 2-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

155. ചെങ്ങരൂർ പള്ളി വികാരി മുണ്ടപ്ലാക്കിൽ യാക്കോബു കത്തനാർക്കു. പള്ളിയിൽ നിന്നും പണമയച്ചുതരുന്നതിനു. ടി തീയതി. ടി സ്ഥലം.

156. പുത്തൻമഠത്തിൽ സ്കറിയാ കത്തനാർക്കു. പത്തിച്ചിറ പള്ളിയിൽ നിന്നും പണമയച്ചു തരുന്നതിനു. ടി തീയതി. ടി സ്ഥലം.

157. തേവർവേലിൽ ഗീവറുഗീസു കത്തനാർക്കു. പണമയച്ചുതരുന്നതിനു. 103 കന്നി 2-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

158. കോട്ടയം സിമ്മനാരി വക ചില കേസുകളുടെ റിക്കാർഡുകൾ അയ യ്ക്കുന്നതു ഒപ്പിട്ടു കോട്ടയത്തു വർക്കിപ്പിള്ളയുടെ പേർക്കു അയച്ചുകൊടുക്ക ണമെന്നും മറ്റും. 103 കന്നി 3-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

159. മട്ടയ്ക്കൽ മല്പാനു. ചേപ്പാട്ടെ കുഴപ്പങ്ങളെപ്പറ്റിയും അതിനു മല്പാനു എന്തെങ്കിലും ചെയ്യാമെങ്കിൽ ചെയ്യുന്നതിനും മറ്റും. 103 കന്നി 5-നു തിരുവന ന്തപുരം പള്ളിയിൽ നിന്നും.

162. വല്യമണ്ണിൽ യോഹന്നാൻ കത്തനാർക്കു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

163. പി. പി. തൊമ്മൻ മാസ്റ്റർക്കു. കേസിന്റെ സംഗതികൾ മുതലായവ. ടി തീയതി. ടി സ്ഥലം.

164. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കും വട്ടിപ്പണക്കേസി നെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

165. നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കോനാട്ടു കുഞ്ഞി പ്പൈലിക്കു വാഴ്വ്.

പ്രിയനെ, നമ്മുടെ മല്പാന്റെ സുഖക്കേടിന്റെ വിവരത്തിന് ഈ മാസം 3-നു അയച്ച എഴുത്തു കിട്ടി. ഞങ്ങൾ തമ്മിൽ ആദ്യകാലത്ത് വളരെ സ്നേഹത്തി ലാണ് വർത്തിച്ചിരുന്നത്. ഇടക്കാലത്ത് ചില കാരണങ്ങളാലും ചിലരുടെ പ്രേര ണയാലും ആദ്യകാലത്തുണ്ടായിരുന്ന സ്നേഹം വളരെക്കാലം നിലനിന്നിരുന്നില്ല എന്നുള്ളത് സത്യം തന്നെയാണ്. നിർഭാഗ്യവശാൽ സമുദായം ഇടപെട്ട സംഗ തികളിലാണ് ഓരോരുത്തരും അവരവരുടെ ശക്തിയെ ഉപയോഗിച്ചത്. ഇതിൽ ഓരോരുത്തരുടെയും ന്യായാന്യായങ്ങൾ ഏതു വിധത്തിലുള്ളവ ആയിരുന്നാലും, സമുദായവഴക്ക് എങ്ങനെയെങ്കിലും സമാധാനപ്പെട്ടു കണ്ടാൽകൊള്ളാമെന്നുള്ള ഒരു നല്ല വിചാരം കുറച്ചു ദിവസങ്ങളായി നമ്മുടെ മല്പാനിൽ കാണപ്പെട്ടത് നമുക്കു വളരെ സന്തോഷത്തിനു ഇടയാക്കിയിട്ടുണ്ട്. ഇതു മൂലം ഞങ്ങൾ തമ്മി ലുണ്ടായിരുന്ന ആദ്യ സ്നേഹം ഇപ്പോൾ പുനർജ്ജീവിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ മല്പാനു നേരിട്ടിരിക്കുന്ന സുഖക്കേടിനെക്കുറിച്ച് നാം നിർവ്യാജ മായും മനഃപൂർവ്വമായും ഖേദിക്കുന്നു. അന്യോന്യമുണ്ടായിരുന്ന വിരോധങ്ങൾ സകലവും തീർന്നിരിക്കയാണെന്ന് അറിയുന്നത് നമുക്കും അദ്ദേഹത്തിനും, ഹൃദയസമാധാനത്തിനു കാരണമായി തീരുന്നതാണ്. അതിനാൽ നമുക്ക് അദ്ദേ ഹത്തിന്റെ നേരെ യാതൊരു ദ്വേഷവും വഴക്കും ഇല്ലെന്നും ഉണ്ടായിരിക്കാവുന്ന സകലവും ഉപേക്ഷിച്ച് ദൈവതിരുനാമത്തിൽ നാം ക്ഷമിച്ചിരിക്കുകയാണെന്നും അദ്ദേഹത്തോടു പറഞ്ഞുകൊള്ളണം. കേസിന്റെ അവധി അടുത്ത തിങ്കളാഴ്ച ആണല്ലൊ. പെട്ടെന്നു യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും അതിനു തക്ക സുഖവും നമുക്ക് ഇല്ലെന്നു മാത്രമല്ല, അതിലേയ്ക്കു നാം ഒരുമ്പെടുന്നപക്ഷവും, ഞങ്ങളെപ്പോലെ മനഃസ്ഥിതി ഭേദപ്പെട്ടിട്ടില്ലാത്ത പലരും അവിടെ കണ്ടേക്കാവു ന്നതുകൊണ്ട് അവർക്കും, അടുത്തവരിൽ വേറെ ചിലർക്കും സന്തോഷത്തിനു പകരം നമ്മുടെ വരവ്, അതൃപ്തിക്കായിരിക്കുമൊ കാരണമാക്കി തീർക്കുന്ന തെന്ന് ഒരു സംശയം ഇല്ലാതെയും ഇല്ല. കാരുണ്യവാനായ ദൈവം ഞങ്ങൾ ഇരുവരോടും, ഞങ്ങളുടെ കുറ്റങ്ങളെയും കുറവുകളെയും ക്ഷമിക്കുന്നതിനും, ബലഹീനനായ നാം തന്നോടു പ്രാർത്ഥിക്കുന്നു. എന്നു 1103 കന്നി 5-നു തിരുവ നന്തപുരം പള്ളിയിൽ നിന്നും.

(കോനാട്ടു മല്പാന്റെ സഹോദരൻ കുഞ്ഞിപ്പൈലിക്ക് അയച്ച കത്ത്. *മല ങ്കര നസ്രാണികൾ നാലാം വാല്യം*, രണ്ടാം പതിപ്പ്, പേജ് 440-ൽ ഈ കത്ത് ഉദ്ധരിച്ചിട്ടുണ്ട്. - എഡിറ്റർ)

166. മട്ടയ്ക്കൽ മല്പാനു. കേസിന്റെ വർത്തമാനങ്ങൾ, കോനാട്ടെ സംഗതി കൾ മുതലായവയ്ക്കും പണപ്പിരിവിന്റെ കാര്യത്തിനും. 103 കന്നി 5-നു തിരു വനന്തപുരം പള്ളിയിൽ നിന്നും.

167. വി. റ്റി. കോര മാസ്റ്റർക്കു. മല്പാന്റെ സുഖക്കേടിനെക്കുറിച്ചും കേസിന്റെ വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

168. കീത്തലിത്തറയിൽ മത്തായി കത്തനാർക്കു. ഓതറ പള്ളിയെ സംബ ന്ധിച്ച നിങ്ങൾക്കുള്ള സങ്കടങ്ങൾ കൊച്ചുമെത്രാച്ചന്റെ അടുക്കൽ ബോധിപ്പി ച്ചുകൊള്ളണമെന്നും മറ്റും. 103 കന്നി 6-നു തിരുവനന്തപുരം പള്ളി.

169. മോടിശ്ശേരിൽ ഗീവറുഗീസു ഉമ്മനു. വസ്തുവിന്റെ കാര്യം പരുമല എത്തി തീർച്ചപ്പെടുത്താമെന്നും അവിടെ എത്തുന്നതിനും മറ്റും.

170. കറുകയിൽ കൊച്ചുണ്ണിനു. പള്ളിവകയായി ചെക്കായി അയച്ച 50 രൂപാ കിട്ടി. ബാക്കി 50 കൂടെ അയച്ചുതരണമെന്നു.

171. പാലത്തിങ്കൽ ഇത്താപ്പിരിക്കു. വർത്തമാനങ്ങൾക്കു.

172. ചക്കോലിൽ (താശിയിൽ) മാത്തൻ കത്തനാർക്കും, വക്കീൽ ഫീലി പ്പോച്ചനും കൂടി. പ്രിയരെ, നിങ്ങൾ ഇന്നലെ അയച്ച എഴുത്തു ഇന്നു നമുക്കു കിട്ടി. ചേപ്പാട്ടെ വഴക്കുകൾ പള്ളിക്കൂടം സംബന്ധിച്ചു നമ്മുടെ കൊച്ചുമെത്രാ ച്ചനും വഞ്ചിയിൽ കത്തനാച്ചനും കാണിച്ചിട്ടുള്ള നിർബന്ധ സ്വഭാവം നിമിത്ത മെന്നാണു നിങ്ങൾ അഭിപ്രായപ്പെട്ടിരിക്കുന്നത്. അവരിൽ എന്തെങ്കിലും നിർബന്ധ സ്വഭാവമുണ്ടായിരുന്നാലും നാം രണ്ടു പ്രാവശ്യത്തിൽ കുറയാതെ തർക്കപരിഹാരത്തിന് തന്നെ ചേപ്പാട്ടു പള്ളിയിൽ പോയിരുന്നുവെന്ന് നിങ്ങളും അറിഞ്ഞിട്ടുള്ളതാണല്ലോ. നാം ചെന്നിരുന്ന സമയം സമാധാനത്തിനു മനസ്സു ള്ളവരായി കണ്ടതു വഞ്ചിയിൽ കത്തനാച്ചനെയും അല്ല തോമാച്ചനെയും അല്ല വേറെ ചിലരെക്കുറിച്ചാണു നമുക്കു ... അവർ ഇപ്പോൾ തോമാച്ചന്റെ കൂടെ നിൽക്കുന്നതായിട്ടാണറിയുന്നതും. അത് എങ്ങനെയുമിരിക്കട്ടെ. അതുകളെക്കു റിച്ചു നാം ഇപ്പോൾ യാതൊന്നും പറയുന്നില്ല. അവിടെ സമാധാനമുണ്ടാക്കു ന്നതിനായി നിങ്ങൾ ഇരുവരും ഉത്സാഹിച്ചു വരുന്നതായി അറിയുന്നതിൽ നമുക്കു വളരെ സന്തോഷമുണ്ട്. വട്ടിപ്പണക്കേസിന്റെ അവധി അടുത്ത ആഴ്ച

യാണല്ലോ. അതിന്റെ ഹിയറിംഗ് കഴിയാതെ ഇവിടെ നിന്നും നമുക്കു പുറപ്പെടുവാൻ ... സൗകര്യമുണ്ടാകുന്നതല്ലാത്തതുകൊണ്ട് നിങ്ങൾ അവിടെയെത്തി ഈ വഴക്കുകൾക്ക് പരിഹാരമുണ്ടാക്കുന്നതിന് കഴിവുപോലെ പരിശ്രമിക്കുമെന്നാണു നാം വിചാരിച്ചിരിക്കുന്നത്. നിങ്ങൾ ഇരുവരും പറയുന്നതുപോലെ തോമാച്ചനും മറ്റും അനുസരിക്കുമെന്നാണല്ലോ നിങ്ങളുടെ വിശ്വാസം. അതു നല്ലതു തന്നെയാണ്. വഞ്ചിയിലെ കത്തനാച്ചൻ വഴക്കു വർദ്ധിപ്പിക്കുന്നതിനു ഉത്സാഹിച്ചു പുറപ്പെടുമെന്നു നമുക്കഭിപ്രായമില്ല. സമാധാനത്തിനുവേണ്ടി ഉത്സാഹിച്ചു പ്രവർത്തിക്കുന്ന നിങ്ങൾ ഇരുവരും നമ്മെയും നമ്മുടെ കൊച്ചുമെത്രാച്ചനെയും തമ്മിൽ വിരുദ്ധപ്പെടുത്തുവാൻ തക്ക ആലോചനകൾ പുറപ്പെടുവിക്കയില്ലെന്നാണു നമ്മുടെ വിശ്വാസം. നിങ്ങൾ അറിഞ്ഞുകൊണ്ടായിരിക്കാമെങ്കിലും അങ്ങിനെയുള്ളവയിൽ നാം ഉൾപ്പെടാതിരിക്കയാണു വേണ്ടതെന്നു നിങ്ങളും നമ്മോടുകൂടെ സമ്മതിച്ചു പറയുമെന്നാണു നമ്മുടെ വിശ്വാസം. മെത്രാച്ചന്മാരുടെ സ്ഥാനത്തെയോ അവരുടെ ചുമതലകളെയോ അവരുടെ അധികാരാവകാശങ്ങളെയോ കുറിച്ച് യാതൊന്നും വിചാരിക്കാതെ നമ്മുടെ തോമാച്ചൻ മുതൽപേരുടെ അഭിമാനത്തെയും, അന്തസ്സിനെയും മാത്രം പാലിച്ചുകൊടുക്കണമെന്നു നിങ്ങൾ ആവശ്യപ്പെടുകയില്ല എന്നു നാം വിശ്വസിക്കുന്നു. നാം അവിടെ എത്തുന്നതുവരെയുള്ള അവിടത്തെ തൽക്കാല സമാധാനത്തിനുവേണ്ടി ചേപ്പാട്ടു പള്ളിയിലെ ഇടവകപട്ടക്കാരായ മൂവരും, വി. കുർബ്ബാന മുതലായ കർമ്മാദികൾ ആ പള്ളിയിൽ നടത്താതെ നിങ്ങളിൽ ചക്കോലിൽ മാത്തൻ കത്തനാർ ചേപ്പാട്ടു പള്ളിയിൽ കർമ്മങ്ങൾ നടത്തുകയും ടി മാത്തൻ കത്തനാർ കാർത്തികപ്പള്ളി പള്ളിയിൽ നടത്തേണ്ടിയ കർമ്മങ്ങൾക്കു വീഴ്ച നേരിടാതിരിപ്പാൻ വേണ്ടി ആവശ്യമെന്നു കണ്ടാൽ ... നടത്തിക്കുന്നതിനും നാം ഒരു കല്പന അയയ്ക്കുന്നതായാൽ അതു സമാധാനത്തിനുതകുമെന്നു നിങ്ങൾക്കു അഭിപ്രായം ഉള്ളപക്ഷം ... മെന്നറിയിച്ചാൽ ആ വിധത്തിൽ ഒരു കല്പന ഉടൻ നാം അയച്ചുതരുന്നതാണ്. നിങ്ങളുടെ ജ്ഞാനത്തിനു ഇതു മതിയായിരിക്കട്ടെ. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

എന്നു 103 കന്നി 6-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

173. വഞ്ചിയിൽ ഫീലിപ്പോസു കത്തനാർക്കു. ചേപ്പാട്ടു പള്ളിക്കാര്യങ്ങൾ ... മറ്റും എഴുത്തിൽ പറഞ്ഞിരിക്കുന്ന സമാധാന സംഗതിയെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

174. ചക്കോലിൽ കത്തനാർക്കു. ടി കല്പനയെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

175. ... വർത്തമാനങ്ങൾ. 103 കന്നി 7-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

176. മട്ടയ്ക്കൽ മല്പാനു. കേസിന്റെ കാര്യം.

177. പാലപ്പിള്ളിൽ കത്തനാർക്കു. ടി കാര്യം. ടി. തീയതി. ടി സ്ഥലം.

178. പാറേട്ടു കത്തനാർക്കു. കേസിന്റെ കാര്യത്തിനു. 103 കന്നി 7-നു തിരുവനന്തപുരത്തു നിന്നും.

179. കല്ലറയ്ക്കൽ കുഞ്ചപ്പനു. ടി കാര്യം.

180. ഫീലിപ്പോസു കത്തനാർക്കു. ടി കാര്യങ്ങളും മറ്റും. ടി തീയതി. ടി സ്ഥലം.

181. കോട്ടയ്ക്കൽ ചാണ്ടപ്പിള്ളയ്ക്കു. കല്ലൂപ്പാറെ പള്ളിവകയായി 75 രൂപായുടെ ചെക്കയച്ചു തന്നതു കിട്ടിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

182. താനുവേലിൽ ഗീവറുഗീസ് കത്തനാർക്കു. കോഴഞ്ചേരി പുത്തൻപള്ളി വകയായി അയച്ചുതന്ന 50 രൂപ കിട്ടിയെന്നും മറ്റും.

183. കാഞ്ഞിരംപറമ്പിൽ അവിരാ തരകനു. ഹരിപ്പാടു പള്ളിവകയായി അയച്ചുതന്ന രൂപാ 50 കിട്ടിയെന്നും മറ്റും.

184. കാരാട്ടുകുന്നേൽ പള്ളിക്കാർക്കു. മട്ടയ്ക്കൽ മല്പാൻ വശം കൊടുത്തയച്ചിരുന്ന രൂപാ 40 ഉം ഇവിടെ കിട്ടിയ വിവരത്തിനു. 103 കന്നി 9-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

185. കൊപ്പാറെ ഗീവറുഗീസ് കത്തനാർക്കു. പണം പിരിച്ചത് ഇങ്ങോട്ടു അയച്ചുതരണമെന്നും മറ്റും.

186. മാവേലിക്കര പള്ളിക്കാർക്കു. കേസിന്റെ ആവശ്യത്തിനു പെരുങ്കാവിൽ മാത്യൂസ് കത്തനാർ വശം നിങ്ങൾ അയച്ച രൂപാ 100 ഉം കിട്ടിയെന്നു. 103 കന്നി 11-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

187. കാതോലിക്കാ ബാവായ്ക്കു. കേസിന്റെ കാര്യങ്ങൾ. 103 കന്നി 14-നു തിരുവനന്തപുരം പള്ളിയിൽ നിന്നും.

188. കൊച്ചുമെത്രാച്ചനു. ടി കാര്യങ്ങൾ.

189. ബഥനി മെത്രാച്ചനു. ടി കാര്യം.

190. മട്ടയ്ക്കൽ മല്പാനു. ടി കാര്യം. ടി തീയതി.

103 കന്നി 14-നു വെള്ളിയാഴ്ച 12 മണിക്കു തിരുവനന്തപുരം പള്ളിയിൽ നിന്നും പുറപ്പെട്ടു തീവണ്ടി മാർഗ്ഗം അന്നു 5 മണിക്കു കൊല്ലത്തു എത്തുകയും അവിടെ നിന്നും വള്ളം വഴി 15-നു ശനിയാഴ്ച ഉച്ചയ്ക്കു പരുമല സിമ്മനാരിയിൽ എത്തുകയും ചെയ്തു.

191. പാലപ്പിള്ളിൽ കത്തനാർക്കു. ഇവിടെ എത്തിയ വിവരത്തിനും മറ്റും. 103 കന്നി 17-നു പരുമല സിമ്മനാരിയിൽ നിന്നും.

192. കൊപ്പാറെ കത്തനാർക്കു. പിരിഞ്ഞിട്ടുള്ള തുക അയച്ചുതരുന്നതിനു. 103 കന്നി 17-നു പരുമല.

193. എ. ഏബ്രഹാം (അയിരൂക്കുഴി). അപ്പന്റെ മരണത്തെക്കുറിച്ചു അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

194. പുത്തിരേത്തു വടക്കേടത്തു ഗീവറുഗീസ് കത്തനാർക്കു. കൊളമ്പു മിഷൻ വേലയെപ്പറ്റി സന്തോഷമാണെന്നും അതിനുവേണ്ട കല്പനകൾ തരാമെന്നും മറ്റും. 103 കന്നി 19-നു പരുമല സിമ്മനാരിയിൽ നിന്നും.

195. ചെറുവത്തൂർ മാത്തു ഉതുപ്പിനു. കേസിന്റെ കാര്യങ്ങളും അയച്ചുതരാമെന്നു സമ്മതിച്ചിട്ടുള്ള രൂപാ പെരുന്നാൾ കഴിഞ്ഞാലുടൻ അയച്ചുതന്നുകൊള്ളാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

196. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. പുനരിന്റെ ഓർഡറിനെപ്പറ്റിയും മറ്റും. ടി തീയതി.

197. കിഴക്കേമണ്ണിക്കോയിക്കൽ ഇടിക്കുളയ്ക്കു. അയച്ചുതന്ന രൂപാ 30 കിട്ടിയെന്നും കേസിന്റെ വർത്തമാനങ്ങളും. ടി തീയതി. ടി സ്ഥലം.

198. ബഥനി മെത്രാച്ചനു. കേസിന്റെ കാര്യങ്ങൾ. മല്ലപ്പള്ളി മുതലായ ബഥനി പള്ളി കാര്യങ്ങൾ മുതലായവ. 103 കന്നി 20-നു പരുമല.

199. പാറേട്ടു കത്തനാർക്കു. കേസിന്റെ കാര്യങ്ങളും മാവേലിക്കരക്കാരൻ കോശി കത്തനാർ ...

200. വഞ്ചിയിൽ ഫീലിപ്പോസു കത്തനാർക്കു (മലങ്കര കത്തോലിക്കാ സഭയിൽ ചേർന്ന ചേപ്പാട്ട് ഫീലിപ്പോസ് റമ്പാനാണ് ഇദ്ദേഹം. - എഡിറ്റർ). ചേപ്പാട്ടെ കാര്യത്തിൽ ഒരഭിപ്രായവും പറയാതിരിക്കുന്നതു നന്നല്ലെന്നു. 103 കന്നി 20-നു പരുമല സിമ്മനാരിയിൽ നിന്നും.

201. കൊച്ചുമെത്രാച്ചനു. കലയങ്കാട്ടിൽ കത്തനാരുടെ നോട്ടു അയച്ചുതരുന്നതിനും, കേസിന്റെ വർത്തമാനങ്ങൾക്കും. 103 കന്നി 22-നു പരുമല സിമ്മനാരി.

202. മട്ടയ്ക്കൽ മല്പാനു. സി. റ്റി. ഈപ്പച്ചനെ സിമ്മനാരിയിൽ താമസിപ്പിക്കുന്നതു ശെമ്മാശന്മാരുടെ തിയോളജി പഠിത്തത്തിനു നല്ലതാകകൊണ്ടു ഈപ്പച്ചൻ അവിടെ വന്നു താമസിക്കുന്നതിനു സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

203. തെരുവത്തു മൂപ്പച്ചനു. അവിടത്തെ പള്ളിക്കാര്യം തീർക്കുന്നതിനു കേസു കഴിയാതെ നമുക്കു അങ്ങോട്ടു വരുന്നതിനു നിവൃത്തിയില്ലെന്നും മറ്റും.

204. കരിങ്ങണാമറ്റത്തിൽ മാത്യൂസ് കത്തനാർക്കു. അവിടത്തെ പള്ളിമുറി പണിയെപ്പറ്റി അറിഞ്ഞതിൽ സന്തോഷിക്കുന്നു. ചെറിയമഠത്തിൽക്കാരുമായിട്ടുള്ള സംഗതികൾ കാതോലിക്കാ ബാവായോടു ആലോചിച്ചു വേണ്ടതു ചെയ്തുകൊള്ളാമെന്നും മറ്റും.

205. വർക്കിപ്പിള്ളയ്ക്കു. സമരിക്കേസിന്റെയും, കാക്കിയുടെ മേൽ ഉള്ള കേസിന്റെയും, വാദങ്ങൾക്കു ആവശ്യപ്പെട്ടപ്രകാരം പകർപ്പു എടുക്കുന്നതിനു ചട്ടം കെട്ടിയിട്ടുണ്ട്. എന്നാൽ അതു ഈ കേസുകൾക്കു വലിയ പ്രയോജനം ചെയ്യുമോ എന്നു നമുക്കു സംശയമാണ് എന്നും മറ്റും. 103 കന്നി 22-നു പരുമല സിമ്മനാരി.

206. പെരുക്കാവിൽ ഗീവറുഗീസു കത്തനാർക്കു. നിങ്ങളുടെ ഇടവകയിലെ ഒരുത്തന്റെ മകളുടെ കല്യാണം നിങ്ങളുടെ കുറി കൂടാതെ നടത്തിച്ചു കൊടുക്കരുതെന്നു പൂവത്തൂരു കത്തനാരുടെ പേർക്കു ഇന്നു കല്പന അയക്കുന്നുയെന്നു.

207. ചെങ്ങന്നൂർ പുത്തൻപള്ളി വികാരി പൂവത്തൂർ ഫീലിപ്പോസു കത്തനാർക്കു.

പ്രിയനെ, പേരിശ്ശേരി ഇടവകയിൽ കൂടിനടന്നു വരുന്നതിൽ ഒരാളുടെ മകളുടെ കല്യാണം തന്റെ ഇടവകപ്പള്ളിയിൽ വച്ചു നടത്തിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നുയെന്നും, ടി കല്യാണക്കാരൻ പേരിശ്ശേരി പള്ളിക്കു കൊടുക്കേണ്ട വരുമാനങ്ങൾ കൊടുക്കാതെയും ടി പള്ളി വികാരിയുടെ കുറി വാങ്ങാതെയും തന്നെക്കൊണ്ടു കല്യാണം നടത്തിപ്പിച്ചുകൊള്ളാമെന്നുള്ള ആലോചനയിൽ ആണു ഇരിക്കുന്നതെന്നും തനിക്കതിനു തൃപ്തിയില്ലെങ്കിലും ചിലർ ഇതിലേക്കു തന്നെ നിർബ്ബന്ധിക്കുന്നുണ്ടെന്നും താനതിനു വഴിപ്പെടുന്നതായാൽ അതു മഹാസങ്കടമാണെന്നും മറ്റും പേരൂക്കാവിൽ ഗീവറുഗീസ് കത്തനാർ നമ്മുടെപേർക്കു ഒരു അപേക്ഷയായി അയച്ചിരിക്കുന്നു. കല്യാണം നടത്തിക്കുന്നതു ഒരു പള്ളിയിൽ വച്ചായിരുന്നാൽ പെണ്ണിന്റെ ഇടവക പള്ളിക്കു ചെല്ലുവാനുള്ള സകല വരുമാനങ്ങളും അവകാശങ്ങളും അവിടെ കൊടുത്തു ആ പള്ളിവികാരിയുടെ കുറി വാങ്ങണമെന്നു നമ്മുടെ സമുദായത്തിലെ നടപ്പും പൊതുനിയമവും ആണെന്നും അതിനെതിരായി പ്രവൃത്തിക്കുന്നതായാൽ പള്ളിഭരണം നടക്കുന്നതല്ലെന്നും സഭയിൽ കുഴപ്പങ്ങൾ വർദ്ധിക്കുമെന്നും തനിക്കറിയാവുന്നതാകകൊണ്ടു അതുകളെക്കുറിച്ചു നാം പ്രത്യേകം പ്രസ്താവിക്കണമെന്നില്ലല്ലോ. അതിനാൽ പ്രിയനെ, പേരിശ്ശേരി പള്ളിയിടവകയിൽ നിന്നാകട്ടെ വേറെ ഏതെങ്കിലും പള്ളിയിടവകയിൽ നിന്നാകട്ടെ ഉള്ള കല്യാണങ്ങൾ നടത്തിക്കൊടുക്കുന്നതിനു തന്റെ അടുക്കൽ വന്നാൽ അതാത് പള്ളി വികാരിയുടെ കുറി കൂടാതെ താൻ നടത്തിക്കൊടുക്കയോ ആ പള്ളിയിൽ വച്ചു നടത്തുന്നതിനു അനുവദിക്കയോ ചെയ്തുപോകരുതെന്നു ഇതിനാലും തന്നോടു ഞാൻ ആജ്ഞാപിക്കയും, നിയമവിരുദ്ധമായി താൻ പ്രവൃത്തിക്കയില്ലെന്നു നാം വിശ്വസിക്കയും ചെയ്യുന്നു. ശേഷം പിന്നാലെ. സർവ്വശക്തനായ ... എന്നു 1927-നു 1103 കന്നി 22-നു പരുമല പള്ളിയിൽ നിന്നും.

208. കീത്തലതറയിൽ മത്തായി കത്തനാർക്കു. നാളെ കഴിഞ്ഞു ബുധനാഴ്ച പത്തു മണിക്കു കിഴക്കേത്തലയ്ക്കൽ തോമ്മസു കത്തനാർ ഇവിടെ വരുവാൻ നാം ശട്ടംകെട്ടി അയച്ചിട്ടുണ്ട്. അപ്പോൾ താനും ഇവിടെ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകയാൽ അന്ന് പത്തു മണിക്കു മുമ്പായി താനും ഇവിടെ വന്നുചേരണമെന്നും മറ്റും. എന്നു 103 കന്നി 24-നു പരുമല സിമ്മനാരിയിൽ നിന്നും.

209. പാലപ്പിള്ളിൽ കത്തനാർക്കു. വർത്തമാനങ്ങൾക്കും മല്പാന്റെ (കോനാട്ട് മാത്തൻ മല്പാൻ - എഡിറ്റർ) സംഗതികൾ അറിയിച്ചു തരുന്നതിനും. 103 കന്നി 25-നു പരുമല.

210. കെ. സി. ഈപ്പനു. കേസിന്റെ കാര്യങ്ങൾക്കും ....

211. വഞ്ചിയിൽ ഫീലിപ്പോസു കത്തനാർക്കു. ചേപ്പാട്ടെ കാര്യങ്ങൾ തീർക്കുന്നതിനു കൊച്ചുമെത്രാച്ചന്റെ അഭിപ്രായം പോലെ ചെയ്യണമെന്നും മറ്റും. 103 കന്നി 25-നു പരുമല സിമ്മനാരിയിൽ നിന്നും.

212. കൈപ്പട്ടൂർ പള്ളി ഇടവകക്കാരായ നെടുവേലിക്കൊന്നയിൽ ഗീവറുഗീസ് യോഹന്നാൻ മുതലായവർക്കു.

പ്രിയരെ, നിങ്ങളുടെ ഈ മാസം 18-ലെ അപേക്ഷയിൽ പ്രധാനമായി പറഞ്ഞിരിക്കുന്ന നവീകരണ ചാപ്പലിൽ വച്ചു നടത്തുന്ന കല്യാണത്തെക്കുറിച്ചു പട്ടക്കാരുടെ ഒരുത്തരുടെയും അപേക്ഷ ഇതുവരെ വന്നിട്ടില്ല. ഇങ്ങനെയുള്ള സംഗതികളിൽ വർത്തിക്കേണ്ടതെങ്ങനെയെന്നു എല്ലാ ഇടവകക്കാർക്കും ചേരുന്ന ഒരു പൊതുഅഭിപ്രായം അല്ലാതെ അവിടത്തേക്കു മാത്രം പ്രത്യേകം കല്പന അയയ്ക്കുന്നതിനു നമുക്കു കഴിയുന്നതുമല്ല. അവിടത്തെ സംഗതിക്കു പ്രത്യേകം കല്പന വേണമെന്നുള്ളപക്ഷം, അവിടത്തെ തൽക്കാല സ്ഥിതി ഗതികൾ അന്വേഷിച്ചറിവാൻ തക്കവണ്ണം നമ്മുടെ ബഹു. സഹോദരൻ കൊച്ചുമെത്രാച്ചൻ അവിടെ അടുക്കൽ ഉള്ളതിനാൽ അതിനുള്ള സൗകര്യം അദ്ദേഹത്തിനാണല്ലോ ഉള്ളതു. അതിനാൽ ഈ സംഗതിയിൽ തൽക്കാലം നമ്മോടു നിർബ്ബന്ധിക്കാതെ കൊച്ചുമെത്രാച്ചനോടു അപേക്ഷിച്ചു അദ്ദേഹത്തിന്റെ അഭിപ്രായാനുസരണം പ്രവൃത്തിക്കുന്നതാണു നല്ലതെന്നുള്ള നമ്മുടെ അഭിപ്രായത്തോടു നിങ്ങളും യോജിക്കുമെന്നും അപ്രകാരം പ്രവൃത്തിച്ചുകൊള്ളുമെന്നും നാം വിശ്വസിക്കുന്നു. കൂടാതെ പുനരുകേസിന്റെ കാര്യവും. ശേഷം പിന്നാലെ.

103 കന്നി 25-നു പരുമല സിമ്മനാരിയിൽ നിന്നും.

213. പാലപ്പിള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങൾക്കും (മാത്തൻ) മല്പാന്റെ സുഖക്കേടിനെക്കുറിച്ചും മറ്റും. 103 കന്നി 29-നു പരുമല സിമ്മനാരി.

214. വർക്കിപ്പിള്ളയ്ക്കു. സമരിക്കേസിന്റെ നടത്തിപ്പിനെപ്പറ്റിയും ഇപ്പോൾ പണം തരുന്നതിനു ഒരു നിവൃത്തിയുമില്ലെന്നും, സിമ്മനാരി പാട്ടനെല്ലു വരുമ്പോൾ തരാവുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

215. കെ. സി. മാത്യുവിനു. പുനരുത്തരവുണ്ടായാലുടൻ അറിയിക്കണമെന്നും, കല്ലിശ്ശേരിക്കാരുടെ കാര്യം എളുപ്പം നടത്തണമെന്നും മറ്റും. 103 കന്നി 27-നു പരുമല സിമ്മനാരിയിൽ നിന്നും.

216. കെ. സി. മാത്യുവിനു. കല്ലിശ്ശേരിക്കാരുടെ നടത്തുകാര്യത്തെക്കുറിച്ചു. 103 കന്നി 28-നു പരുമല സിമ്മനാരി.

217. വർക്കിപ്പിള്ളയ്ക്കു. ക്രാക്കറുടെ മേലുള്ള കേസിന്റെ വിധി നടത്തു ഹർജി ഒപ്പിട്ടു കുഞ്ഞോമ്മിയച്ചന്റെ പേർക്കയച്ചിട്ടുണ്ടെന്ന വിവരത്തിനു. 103 കന്നി 29-നു പരുമല സിമ്മനാരിയിൽ നിന്നും.

218. വക്കീൽ എം. ഒ. തോമസിനു. കാക്കിയുടെ മേലുള്ള വിധിനടത്തുഹർജി ഒപ്പിട്ടു അയച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

219. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരിയിലെ ഒരു വാദ്ധ്യാരായ പാട്ടാശ്ശേരിൽ ഏബ്രഹാം, ഇൻസ്പെക്ടറുടെ അടുക്കൽ കൊടുത്ത അപേക്ഷാഹർജിയെ കുറിച്ചും, ടിയാന്റെ പഠിപ്പിക്കുന്നതിനുള്ള അയോഗ്യതയെക്കുറിച്ചും, ടിയാൻ റിസൈൻ ചെയ്യാൻ നിർബന്ധിക്കണമെന്നും അതിനെക്കുറിച്ചും, പകരം പി. കെ. വർക്കിയെയോ മറ്റാരെയെങ്കിലുമോ നിയമിക്കുന്നതിനെക്കുറിച്ചും മറ്റും.

103 തുലാം 2-നു പരുമല സിമ്മനാരിയിൽ നിന്നും.

220. ചെങ്ങന്നൂർ ചെറിയപള്ളിക്കാർക്കു. പ്രിയരെ, ആ പള്ളി സ്ഥാപിച്ചിട്ടു ഇപ്പോൾ പത്തിരുപതു സംവത്സരത്തോളമായി എങ്കിലും ഇതുവരെയായിട്ടും പറയത്തക്കവിധത്തിൽ യാതൊരു പണിയും ചെയ്യിക്കാതെ ഒരുവിധം നാശസ്ഥിതിയിൽ കിടന്നതിനെക്കുറിച്ചു നിങ്ങൾക്കു സങ്കടം തോന്നി ഉടൻ തന്നെ അതിന്റെ പണി നിവർത്തിക്കണമെന്നു തീക്ഷ്ണതയോടു കൂടെ നിങ്ങൾ എല്ലാവരും അത്യുത്സാഹം ചെയ്തുവരുന്നതായി അറിയുന്നതിൽ നമുക്കു വളരെ സന്തോഷമുണ്ട്. എന്നാൽ ടി പള്ളിവകയ്ക്കു ആവശ്യമുള്ള പണം ശേഖരിക്കുന്നതിനാലോചിച്ച കൂട്ടത്തിൽ ആ ഇടവകജനങ്ങളിൽ കുടിശികയായി കിടക്കുന്ന പള്ളിവരുമാനങ്ങൾ മുഴുവനും പതിനഞ്ചു ദിവസത്തിനകം കുടിശികക്കാരിൽ നിന്നും പള്ളിമുതൽക്കെട്ടിൽ ഏല്പിക്കണമെന്നും, അങ്ങനെ ഏല്പിക്കാത്തവരുടെ ആത്മിക ദിഷ്ടതികൾ നടത്തിക്കൊടുത്തുകൂടായെന്നും ആ ഇടവകജനങ്ങളുടെ ഒരു പൊതുയോഗത്തിൽ നിശ്ചയം ചെയ്തിരിക്കുന്നതിനെക്കുറിച്ചു ഇപ്പോൾ നിങ്ങളിൽ ഒരു ഭാഗം അതുകൾക്കു അതൃപ്തിയായിരിക്കുന്നു എന്നും ഇതു നിമിത്തം ആ ഇടവകയിൽ പല കുഴപ്പങ്ങൾക്കും ഇടയായിത്തീർന്നേക്കാമെന്നും വികാരി പൂവത്തൂർ ഫീലിപ്പോസ് കത്തനാർ നമ്മുടെയടുക്കൽ അറിയിക്കയാൽ വികാരിയും ജനനേതാക്കളിൽ ഏതാനുംപേരും ഇവിടെ നമ്മുടെയടുക്കൽ വന്നുചേരണമെന്നു നാം ശട്ടംകെട്ടിയയച്ചതനുസരിച്ചു കഴിഞ്ഞ ഞായറാഴ്ച നിങ്ങൾ നമ്മുടെ അടുക്കൽ വന്നുചേരുകയും ടി സംഗതികളെക്കുറിച്ചു ഓരോരുത്തർക്കും പറവാനുള്ള അഭിപ്രായങ്ങളെയൊക്കെയും നമ്മുടെയടുക്കൽ പ്രകടിപ്പിക്കയും ചെയ്തതിന്റെ ശേഷം ടി സംഗതിയിൽ ഏർപ്പെട്ടു നിങ്ങൾ അനുവർത്തിക്കേണ്ട ... തീരുമാനമായി ഈ കല്പന ഇപ്പോൾ ... നാം അയയ്ക്കുന്നതാണു. മേൽ വിവരിച്ചപ്രേ ... യോഗത്തിൽ വെച്ചു നിശ്ചയിച്ചതും ന്യായമായില്ലാ. അതിനാൽ നാലു മാസത്തെ അവധി അനുവദിക്കുന്നപക്ഷം അതിനിടകൊണ്ടു കുടിശിക മുഴുവനും പിരിക്കാമെന്നും, പിരിയുമെന്നും നിങ്ങൾ നമ്മുടെ മുമ്പാകെ സമ്മതിച്ചു പറഞ്ഞപ്രകാരം കുടിശികപ്പണം മുഴുവനും ഇന്നു മുതൽ നാലു മാസത്തിനിടകൊണ്ടു എല്ലാവരും കൊടുത്തുതീർക്കയും അതിലേക്കു കുടിശികക്കാരെ നിർബ്ബന്ധിച്ചുകൊള്ളുകയും ചെയ്യണം. എല്ലാവർക്കും ഒരേസമയം ഒന്നായി കൊടുത്തു തീർക്കുന്നതിനു പ്രയാസമായി വന്നേക്കാവുന്നതുകൊണ്ടു കഴിവും സൗകര്യവുമുള്ളവർ അങ്ങിനെ ചെയ്തുകൊള്ളേണ്ടതും അല്ലാത്തവർ ഇന്നു മുതൽ ഓരോ മാസത്തിനകം നാലൊന്നു വീതമായി നാലുമാസം കൊണ്ടു മുഴുവനും പള്ളിമുതൽക്കെട്ടിൽ കൊടുത്തുതീർത്തുകൊള്ളേണ്ടതും ആകുന്നു. ഈ കല്പന അനുസരിച്ച് ഓരോ മാസവും നാലൊന്നു വീതം പോലും കൊടുത്തു തീർക്കാത്തവരുടെ ആത്മിക അടിയന്തിരങ്ങൾ നടത്തിക്കൊടുക്കേണ്ടതില്ലെന്നു ഈ കല്പന മൂലം തന്നെ വികാരിക്കു നാം അനുവാദം കൊടുത്തിട്ടുമുണ്ട്. നിങ്ങ

ളെല്ലാവരും പള്ളി പണിയുടെ കാര്യത്തിൽ തീഷ്ണതയും ഉത്സാഹവുമുള്ളവരായിരിക്കണം. നാം ആഗ്രഹിക്കയും പണി കഴിയുമ്പോൾ ... സർവ്വശക്തനായ...

എന്നു 1927-നു കൊല്ലം 1103 തുലാം 3-നു പരുമല സിമ്മനാരിയിൽ നിന്നും.

221. കാതോലിക്കാ ബാവായ്ക്കു. വട്ടിപ്പണക്കേസിന്റെ ഓർഡറിനെക്കുറിച്ചും മറ്റും. 103 തുലാം 5-നു പരുമല സിമ്മനാരിയിൽ നിന്നും.

222. കൊച്ചുമെത്രാച്ചനു. ടി കാര്യം. ടി തീയതി.

223. ബഥനി മെത്രാച്ചനു. ടി കാര്യം. ടി തീയതി.

224. മട്ടയ്ക്കൽ മല്പാനു. ടി കാര്യം. ടി തീയതി.

225. പാലപ്പിള്ളിൽ കത്തനാർക്കു. ടി കാര്യം. ടി തീയതി.

226. ചീരാമ്യാലിൽ കത്തനാർക്കു. ടി കാര്യം. ടി തീയതി.

വട്ടിപ്പണക്കേസിന്റെ ഓർഡർ മിനിഞ്ഞാന്നു പുറപ്പെടുവിച്ചതായി ഫീലിപ്പോച്ചന്റെ എഴുത്തു കിട്ടി. മറ്റുള്ള പോയിന്റുമായി സംബന്ധമുണ്ടാകുന്ന പക്ഷം മുഴുവനായി കേൾക്കാൻ പാടുള്ളുവെന്നും റെസ്ജൂഡിക്കേറ്റാ ഇല്ലെന്നാണു തോന്നുന്നതെന്നും മറ്റുമാണ് ജഡ്ജിമാരുടെ മൂന്നുപേരുടെയും പൊതുവായ അഭിപ്രായം. ... ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള കുറച്ചു വ്യത്യസ്തമായിട്ടു എഴുതിയിട്ടുണ്ടെന്നും. 103 തുലാം 5-നു.

227. പാറേട്ടു മാത്യൂസ് കത്തനാർക്കു. എം.ഡി. സിമ്മനാരി സംബന്ധമായ കാര്യങ്ങൾ, പാട്ടാശ്ശേരി അബ്രഹാം റിസൈൻ ചെയ്തതിൽ സന്തോഷിക്കുന്നു എന്നും മറ്റും. 103 തുലാം 9-നു പരുമല സിമ്മനാരി.

228. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. കേസിന്റെ കാര്യത്തിനും, മദ്രാസ് വക്കീലിനെ പഠിപ്പിക്കുന്ന സംഗതിയും മറ്റും. ടി തീയതി. ടി സ്ഥലം.

229. കുഞ്ഞൂഞ്ഞ് അപ്പോത്തിക്കിരിക്കു. മാരാമണ്ണു പള്ളിസംബന്ധമായി ചില കാര്യങ്ങൾ, റാഹൂർ കത്തനാർ പള്ളി സ്ഥലത്തിനു ആധാരം എഴുതിയിട്ടില്ലെന്നു വാദിക്കുന്നതിനെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

230. തേരകത്തു മത്തായികുഞ്ഞിനു. ടിയാന്റെ മകന്റെ കല്യാണത്തിനു മംഗളമാശംസിച്ചു. ടി തീയതി. ടി സ്ഥലം.

231. കുറിയാക്കോസ് റമ്പാച്ചനു. ഇവിടത്തെ പെരുന്നാളിനു മുമ്പുകൂട്ടി വന്നുചേരണമെന്നും മറ്റും. 103 തുലാം 10-നു പരുമല സിമ്മനാരി.

232. മട്ടയ്ക്കൽ മല്പാനു. ടി കാര്യത്തിനും, സിമ്മനാരി സമരിയുടെ വിസ്താര വർത്തമാനങ്ങൾക്കും. ടി തീയതി. ടി സ്ഥലം.

233. ... പെരുന്നാളിനു വന്നുചേരണമെന്നും മറ്റുമുള്ള വർത്തമാനങ്ങൾ. 103 തുലാം 10-നു പരുമല സിമ്മനാരിയിൽ നിന്നും.

234. വട്ടക്കുന്നേൽ കുര്യൻ വക്കീലിനു. സമരിക്കേസിന്റെ അടുത്ത അവധിക്കു കമ്മീഷണർക്കു മുമ്പാകെ വിസ്തരിക്കുന്ന സാക്ഷികളെ വിസ്തരിക്കുമ്പോൾ ... കേസിന്റെ വർത്തമാനങ്ങൾ. ടി തീയതി. ടി സ്ഥലം.

235. ഒ. എം. ചെറിയാനു. മാടപ്പറമ്പേൽ കെ. വി. കുരുവിള എന്ന കൊച്ചനു ഒരു ജോലി ശരിപ്പെടുത്തുന്നതിനായിട്ടുള്ള ശുപാർശക്കത്ത്. 103 തുലാം 17-നു പരുമല സിമ്മനാരി.

236. കോനാട്ടു മല്പാനച്ചനു. 12-ന് അയച്ച എഴുത്തു കിട്ടി. മല്പാനച്ചനെ കാണണമെന്നു നമുക്കും ആഗ്രഹമുണ്ട്. വരുന്ന ഞായറാഴ്ച കഴിയാതെ ഇവിടെ നിന്നും പുറപ്പെടുന്നതിനു നിവൃത്തിയില്ല. ഞായറാഴ്ച കഴിഞ്ഞ് ഉടൻ കോട്ടയത്തിനും, അവിടെ നിന്നും അങ്ങോട്ടും പുറപ്പെടാമെന്ന് തീർച്ച ആക്കിയിരിക്കുന്നു. കോട്ടയത്തു നിന്ന് എന്ന് പാമ്പാക്കുടയ്ക്കു വരുമെന്ന് പിന്നാലെ അറിയിച്ചുകൊള്ളാം. ഒരുവേള നമ്മോടുകൂടെ നമ്മുടെ കൊച്ചുമെത്രാച്ചനും വന്നേക്കും.

103 തുലാം 18-നു പരുമല സിമ്മനാരിയിൽ നിന്നും.

237. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു. പെരുന്നാളിനെക്കുറിച്ചും, കേസിന്റെ കാര്യത്തെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

238. മട്ടയ്ക്കൽ മല്പാനു. നാം ഉടനെ കോട്ടയത്തിനു വരുന്നതും അവിടെ നിന്നും കോനാട്ടു മല്പാനെ കാണുന്നതിന് പോകുന്നതുമാണ് എന്നും മറ്റും. ടി തീയതി.

239. കെ. സി. മാത്യു വക്കീലിനു. നെടുമ്പ്രം പള്ളിക്കാരുടെ വിധിനടത്തു കേസിന്റെ കാലഹരണം അസ്ഥിരപ്പെടുത്തിയെന്നതിൽ സന്തോഷിക്കുന്നുയെന്നും മറ്റും. ടി തീയതി.

240. കെ. സി. മാത്യു ക്ലർക്കിനു. കല്ലിശ്ശേരിക്കാരുടെ വിധിനടത്തിപ്പിനെപ്പറ്റിയും ... മറ്റും. 103 തുലാം 18-നു പരുമല സിമ്മനാരി.

241. വടുതല ഈശോ കത്തനാർക്കു. മൂപ്പച്ചന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം.

242. ചക്കിട്ടടത്തു തോമ്മസു കത്തനാർക്കു. ... 103 തുലാം 18-നു പരുമല സിമ്മനാരി.

243. കോനാട്ടു മല്പാനച്ചനു. നാം വരുന്ന വ്യാഴാഴ്ച അവിടെ പത്തു മണിക്കു കൊച്ചുമെത്രാച്ചനും ഒരുമിച്ചു അവിടെ എത്തുമെന്ന്. ... 103 തുലാം 21-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

244. സി. പി. തരകന്. വരുന്ന വ്യാഴാഴ്ച കോനാട്ടു മല്പാനെ കാണ്മാൻ മല്പാന്റെ അപേക്ഷപ്രകാരം പോകുന്നുണ്ട്. വ്യാഴാഴ്ച തരകനും പാമ്പാക്കുട എത്തണമെന്ന്. 103 തുലാം 18-നു പരുമല സെമിനാരിയിൽ നിന്നും.

245. പാലപ്പിള്ളിൽ കത്തനാർക്കു. വരുന്ന വ്യാഴാഴ്ച മല്പാനെ കാണ്മാൻ വരുന്നുണ്ടെന്നും മറ്റും. ... 103 തുലാം 18-നു പരുമല സെമിനാരിയിൽ നിന്നും.

247. ചെറിയമഠത്തിൽ മല്പാനു. കേസിന്റെ വിവരങ്ങൾ. കോനാട്ടു മല്പാന്റെ അപേക്ഷപ്രകാരം 26-നു കാണുവാൻ പോകുന്ന വിവരം മുതലായവ. 103 തുലാം 22-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

248. നെടുമ്പ്രോത്തു കണ്ടത്തിൽ മാത്തുള്ളച്ചനു. കൊച്ചുപോത്തച്ചന്റെ മകളുടെ കല്യാണത്തിനു മംഗളാശംസകൾ. ടി തീയതി. ടി സ്ഥലം.

1927 തുലാം 26-നു 103 തുലാം 22-ാം തീയതിയായ ഇന്ന് ഉച്ചകഴിഞ്ഞു മലങ്കര മല്പാൻ കോനാട്ടു മാത്തൻ കോറെപ്പിസ്കോപ്പാ മരിച്ചുപോയതായി അറിഞ്ഞു. മല്പാനു നമ്മെ കാണണമെന്ന് അപേക്ഷിച്ചിരുന്നതനുസരിച്ച് നാളെ കഴിഞ്ഞു വ്യാഴാഴ്ച പോകുവാൻ ഇരിക്ക ആയിരുന്നു. മരിച്ചു എന്ന് കേട്ടതിനാൽ പോകേണ്ടെന്ന് തീരുമാനിച്ചു.

249. ഇ. ജെ. ഫീലിപ്പോസ് വക്കീലിനു. മല്പാൻ മരിച്ചതിനാൽ കേസുകളുടെ നടത്തിപ്പു ഏതുവിധമാണെന്നും മറ്റും അറിയിച്ചു തരുന്നതിനു. 103 തുലാം 23-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

251. പഴഞ്ഞി പള്ളിക്കാർക്കു. പ്രിയരെ, 95-ാമാണ്ടു നാം ആ പള്ളിയിൽ വന്നിരുന്നപ്പോൾ ആ പള്ളി സംബന്ധമായ കാര്യാദികളുടെ ക്ഷേമമായ നടത്തിപ്പിലേക്കായി 24 അംഗങ്ങളടങ്ങിയ ഒരു കൈസ്ഥാന ... കൈസ്ഥാന യോഗത്തിൽപെട്ടവരായ പുലിക്കോട്ടിൽ ചുമ്മാരു മുതലായി 9 പേർ കൂടി നമ്മുടെ പേർക്കു അപേക്ഷ അയച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചു നമ്മുടെ പുലിക്കോട്ടിൽ മാത്തപ്പൻ കഴിഞ്ഞയാണ്ടിൽ നമ്മുടെ പേർക്കു ഒരു അപേക്ഷ അയച്ചിരുന്നതു കൂടാതെ ടിയാൻ ഇപ്പോൾ നമ്മുടെ അടുക്കൽ ഹാജരായി വാക്കുമൂലം അപേക്ഷിക്കയും ചെയ്തിരിക്കുന്നു. കൈസ്ഥാന ജോലി ആണ്ടുതോറും നിശ്ചയമനുസരിച്ചു മുമ്മൂന്നു പേർ മാറിമാറി നടത്തേണ്ടത് ആവശ്യമാണെന്ന് നാം പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇപ്പോൾ ഏഴെട്ടു കൊല്ലമായിട്ടു മാറി മാറി നടത്തുവാൻ ഇടയാകാത്തതു ആ പള്ളിസംബന്ധമായി നേരിട്ട ചില വ്യവഹാരങ്ങളുടെ നടത്തിപ്പിലേക്കുള്ള സൗകര്യത്തെ ആലോചിച്ചായിരിക്കാമെങ്കിലും ഇപ്പോൾ വ്യവഹാരങ്ങൾ ഒക്കെയും അവസാനിച്ചിരിക്കുന്ന സ്ഥിതിക്കു മേലാലെങ്കിലും മുൻ നിശ്ചയമനുസരിച്ചു കൈസ്ഥാന ജോലി മാറിമാറി നടത്തേണ്ടതു ആവശ്യവും ന്യായവുമെന്നത്രെ നമുക്കും അഭിപ്രായമായിരിക്കുന്നത്. അതിനാൽ അടുത്ത വൃശ്ചികം 21-നു പെരുന്നാൾ ദിവസം ഇപ്പോൾ ചുമതലക്കാരായിരിക്കുന്നവർ അവരുടെ ചുമതലയുടെ കണക്കുകൾ കേൾപ്പിക്കുകയും ... വിവരത്തിനു ... തിരട്ടിന്റെ ഒരു പ്രതിയും നമുക്കയച്ചുകൊള്ളണം. തൽക്കാലം ചുമതലക്കാർക്കു ... ആളുകളെ ഏർപ്പെടുത്തുന്നതിന് ഒഴിവു കൂടാത്ത വല്ല കാരണത്താലും ... ന്നതായാൽ ഉടൻതന്നെ ആ വിവരത്തിനു പട്ടക്കാർ, കൈക്കാരന്മാർ, യോഗജനങ്ങൾ ഉൾപ്പെട്ടവർ നമുക്കു എഴുതി അയച്ചുകൊള്ളണം. അതുകൾക്കു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു നാം കല്പന അയയ്ക്കുന്നതുമാണ്. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയയ്ക്കുന്നതാണ്.

എന്നു 103 തുലാം 28-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

ലേഖനം

പ. വട്ടശേരിൽ തിരുമേനിയുടെ സഭാസ്വാതന്ത്ര്യ ദർശനം

ഡെറിൻ രാജു

ആമുഖം

തിരുവെഴുത്തുകളും സഭാപാരമ്പര്യവും നൽകുന്ന അറിവിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കർത്താവും മാർ ഇഗ്നാത്തിയോസും തമ്മിലൊരു പരിചയമുണ്ട്. എന്നാൽ അത്രയെങ്കിലും നേർത്ത ഒരു പരിചയം പ. വട്ടശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുമായി ഉള്ളവരെ ഇന്ന് നമ്മുടെ ഇടയിൽ കണ്ടെത്തുക എളുപ്പമല്ല. മലങ്കരയിൽ ഉടനീളം പരിശോധിച്ചാലും കണ്ടെത്താവുന്ന ആളുകളുടെ സംഖ്യ പരമാവധി ഒരു കൈയിലെ വിരലുകളിൽ നിന്നേക്കും. എന്നാൽ തൊണ്ണൂറ് വർഷങ്ങൾക്കിപ്പുറവും അദ്ദേഹം പകർന്നു നൽകിയ സ്വാതന്ത്ര്യബോധമാണ് നമ്മെ ഭരിക്കുന്നതും നയിക്കുന്നതും. അതിനു വികാസ-പരിണാമങ്ങൾ ഉണ്ടായിട്ടുണ്ട്. ഭരണഘടനയും സുപ്രീം കോടതി വിധികളുമൊക്കെ ആ ബോധ്യത്തിന്റെ പരിണാമത്തെ സ്വാധീനിച്ചിട്ടുമുണ്ട്. മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുമ്പോഴും സമാധാനത്തിനായി എല്ലാ വാതിലുകളും തുറന്നിടുകയാണ് അദ്ദേഹം ചെയ്തത്. അദ്ദേഹത്തെ എപ്പോഴും നയിച്ചിരുന്നത് ചില ബോധ്യങ്ങളാണ്. ആ ബോധ്യങ്ങൾക്കായി അദ്ദേഹം അവസാനംവരെ നിലനിന്നു. അതിന്റെ വലിയ ഉദാഹരണങ്ങളിലൊന്ന് ഭരണഘടനാ നിർമ്മാണ സമയത്തെ പ്രതിസന്ധിയാണ്. എപ്പിസ്കോപ്പസിക്കു മുൻതൂക്കമുള്ള ഭരണത്തിനു വാദിച്ച വട്ടശേരിൽ മാർ ദീവന്നാസിയോസ് ഉൾപ്പെടെയുള്ള ഒരു വിഭാഗവും ജനാധിപത്യ ഭരണത്തിനായി വാദിച്ച പത്രോസ് മത്തായി, ടി. ജോസഫ് തുടങ്ങിയ വേറൊരു വിഭാഗവും രണ്ട് വിഭാഗത്തെയും രമ്യപ്പെടുത്താൻ ശ്രമിച്ച കൺവീനർ ഒ. എം. ചെറിയാൻ തുടങ്ങിയവരും സഭയിലും സമിതിയിലും ആ സമയത്ത് ഉണ്ടായിരുന്നു. ഏതു നിലപാടാണോ അദ്ദേഹം ഈ നിർമ്മാണപ്രക്രിയ തുടങ്ങിയ സമയത്ത് പുലർത്തിയത് അതു തന്നെയായിരുന്നു കാലം ചെയ്യുന്നതിനു നാലു മാസം മുമ്പും.

പാറേട്ട് മാത്യൂസ് കത്തനാരുടെ (പിന്നീട് മാർ ഈവാനിയോസ്) ഡയറിക്കുറിപ്പുകൾ അത് അടിവരയിടുന്നുണ്ട്: "മെത്രാച്ചനു ക്ഷീണം കൂടുതലില്ല! ഒ. എം. ചെറിയാൻ വന്നിട്ടുണ്ടായിരുന്നു. ഭരണഘടനയെ സംബന്ധിച്ച് മെത്രാച്ചനുമായി കുറേസമയം സംസാരിച്ചു. യോജിക്കുന്ന മട്ട് കണ്ടില്ല." അദ്ദേഹത്തിന്റെ ആശയങ്ങളോട് വിയോജിപ്പുള്ളവർ ഉണ്ടാകാമെങ്കിലും അദ്ദേഹത്തിന്റെ നിലപാടിലെ ഉറപ്പ് ഒരു സവിശേഷതയായിരുന്നു. മാറ്റങ്ങളെ പരിഗണിക്കാനും പ്രതിസന്ധികളിൽ അതീവ ബുദ്ധിസാമർത്ഥ്യം കാണിക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. എം. എ. ചാക്കോയെ ഉദ്ധരിച്ചുകൊണ്ട് പുത്തൻകാവിൽ കൊച്ചുതിരുമേനി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ, "തലച്ചോറു പുഴുങ്ങി അരച്ചു അതുകൊണ്ടുണ്ടാക്കപ്പെട്ട മനുഷ്യൻ'' എന്ന്. അതൊരു അതിശയോക്തി അല്ലെന്നു അദ്ദേഹത്തിന്റെ ജീവിതവും കോടതിമൊഴികളും നമ്മെ ബോധ്യപ്പെടുത്തും.

ഇസ്സഡ്. എം. പാറേട്ട് പറയുന്നതിൽ നിന്ന് വ്യക്തമാകുന്ന ഒരു ചിത്രമുണ്ട്, ആങ്ങേയറ്റം കൃശഗാത്രനായ ഒരു മനുഷ്യൻ, ഒരു വസ്തുവിൻമേൽ ദൃഷ്ടി ഉറപ്പിക്കുന്നതുപോലും പാടുപെട്ടാകുന്ന ഒരു മനുഷ്യൻ! അദ്ദേഹം എങ്ങനെയാണ് ഇരുപത്തിയഞ്ച് വർഷങ്ങൾ അക്ഷരാർത്ഥത്തിൽ ഒറ്റയ്ക്ക് ഈ സഭയെ നയിച്ചത്? അങ്ങേയറ്റം പ്രക്ഷുബ്ധമായ സാഹചര്യങ്ങളെ എങ്ങനെ അതിജീവിച്ചു എന്നത് തന്നെ ഒരു അദ്ഭുതമാണ്. ഈ പ്രതിസന്ധികളിലൂടെയാണ് സഭാസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഉരുത്തിരിഞ്ഞു വന്നത്. അത് എക്കാലവും മാറ്റങ്ങൾക്ക് വിധേയമാകാതെ നിലനിന്നിരുന്നില്ല. താൻ നേരിട്ട പ്രതിസന്ധികളും അഭിമുഖീകരിച്ച പ്രയാസങ്ങളുമൊക്കെ സഭാസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെ സ്വാധീനിച്ച ഘടകങ്ങളാണ്. അതോടൊപ്പം നമുക്ക് ചിന്തിക്കേണ്ട ഒന്നാണ് സമാധാനത്തിനായിട്ടുള്ള



അദ്ദേഹത്തിന്റെ ശ്രമങ്ങളും. രണ്ടും ഇക്കാലവും വളരെ പ്രസക്തവും അപഗ്രഥിക്കേണ്ടതുമാണ്. എന്നാൽ അത് എത്രകണ്ട് നമ്മുടെയിടയിൽ ഉണ്ടാകുന്നുണ്ട് എന്നത് സംശയമാണ്. സഭാ സമാധാനത്തിനായി അക്ഷീണം യത്നിച്ച പിതാവായിരുന്നു അദ്ദേഹം. സഭയുടെ സ്വാതന്ത്ര്യമെന്നത് അക്കാലത്ത് ഏതാണ്ട് ഒരു നവീനാശയമായിരുന്നു. ആ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തിനായി അദ്ദേഹം പോരാടി. അദ്ദേഹം കാലം ചെയ്തതിനുശേഷം ഇറങ്ങിയ ബഥനി മാസികയുടെ ഒരു വിശേഷാൽപ്രതി അദ്ദേഹത്തെ മോശയോടു ഉപമിച്ചു. ''മലങ്കരസഭയിലെ മോശയ്ക്കു ആ ഭാഗ്യം ലഭിക്കാത്തതിൽ എന്തിനു പരിതപിക്കുന്നു? മോശ സ്വാതന്ത്ര്യദേശം നോക്കി കണ്ടതുപോലെ ആ വന്ദ്യ തിരുമേനിയും സ്വതന്ത്ര മലങ്കരസഭ സ്വദൃഷ്ടിപഥത്തിൽ കണ്ടുംകൊണ്ടു തന്നെയത്രെ മൃതിയടഞ്ഞതു എന്നു സമാശ്വസിക്കാം.'' സഭാഭാസുരൻ എന്നാണല്ലോ അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടത്! അത് അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ നൽകപ്പെട്ട ഒരു വിശേഷണവുമാണ്. അത് സഭ നൽകിയതല്ലായെന്നത് വേറൊരു കൗതുകം. മണലിൽ അച്ചൻ രേഖപ്പെടുത്തുന്നപ്രകാരം മഹാകവി വള്ളത്തോൾ നാരായണമേനോൻ നൽകിയ പേരാണ് 'ഭാസുരൻ' എന്നത്. കുന്നംകുളം യൗസേഫ് ശെമ്മാശന്റെ ഉടമസ്ഥതയിലുള്ള ആത്മപോഷിണി മാസികയോടു സഹകരിക്കുന്നതിലൂടെയാണ് മഹാകവി തിരുമേനിയെപ്പറ്റി അറിയുന്നതും ഈ അതിസുന്ദരവും അർത്ഥവത്തുമായ നാമധേയം അദ്ദേഹത്തിനായി നൽകിയതും. വെറുതെ ഒരു പേര് നൽകുന്ന രീതി അദ്ദേഹത്തിനില്ലായെന്ന് അദ്ദേഹത്തിന്റെ കാവ്യങ്ങളെപ്പറ്റി അപഗ്രഥിക്കുമ്പോൾ നമുക്ക് മനസിലാകുന്നതുമാണ്. "എന്റെ ഗുരുനാഥൻ" എന്ന് ഗാന്ധിജിയെ അദ്ദേഹം വിശേഷിപ്പിച്ചിട്ടുണ്ടല്ലോ. ഭൂമിയും



മറ്റ് ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമൊക്കെ ഉൾക്കൊള്ളുന്ന സൗരയൂഥത്തിന്റെ കേന്ദ്രമായി സൂര്യൻ വിരാജിക്കുന്നതുപോലെ, നിത്യമായ ഒരു ഊർജസ്രോതസായി നിലനിൽക്കുന്നതുപോലെ, നമുക്കെല്ലാം പ്രകാശം പരത്തുന്നതുപോലെ സഭാ ഭാസുരനും നിലനിൽക്കുകയാണ്. ഈ തൊണ്ണൂറ് വർഷങ്ങൾക്കിപ്പുറവും നമ്മുടെ സ്വാതന്ത്ര്യബോധം തണുത്ത് പോകാതെ എപ്പോഴും ചൂടുപിടിപ്പിച്ചുകൊണ്ട് അതിങ്ങനെ നിലനിൽക്കുകയാണ്. ആദ്യം പറഞ്ഞതുപോലെ സ്വാതന്ത്ര്യം ഒരു ഏകരൂപത്തിലല്ല മലങ്കരയിൽ കണ്ടെത്താൻ സാധിക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യസമരം നമ്മൾ പരിശോധിച്ചാൽ അതിനു 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം മുതലൊരു ചരിത്രം പറയുമ്പോഴും 1929-ൽ മാത്രമാണ് പൂർണ സ്വരാജ് എന്ന ആശയം കോൺഗ്രസിന്റെ ലാഹോർ സെഷൻ ആവശ്യപ്പെടുന്നത്. 1942-ലാണ് ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭവും അതിന്റെ അവസാനമാണ് സ്വാതന്ത്ര്യലബ്ധിയും. 1600-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആരംഭത്തോടെ തുടങ്ങിയ വിവിധ നിലകളിലുള്ള ബ്രിട്ടീഷ് ഭരണത്തിനാണ് സ്വാതന്ത്ര്യലബ്ധിയിലൂടെ അവസാനമായത്. 1665-ൽ ആരംഭിച്ച മലങ്കരയുടെ അന്ത്യോഖ്യൻ ബന്ധം വിശകലനം ചെയ്താൽ പ. വട്ടശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ ഉണ്ടായ ഒരു സ്വാതന്ത്ര്യപോരാട്ടത്തിനും ഇപ്രകാരമൊരു വളർച്ചയും സ്വാതന്ത്ര്യം ഏത് തലത്തിൽ എന്നതിൽ ഒരു വികാസവും നമുക്ക് കണ്ടെത്താൻ സാധിക്കും. മൂന്നു തലങ്ങളിലൂടെയാണ് ആ സ്വാതന്ത്ര്യമെന്ന സങ്കല്പം വികസിച്ചത്.

പാത്രിയർക്കീസിന്റെ മുടക്കു മുതൽ കാതോലിക്കേറ്റിന്റെ സ്ഥാപനം വരെ അതിന്റെ ഒന്നാം തലമായി നമുക്ക് കണക്കാക്കാം. കാതോലിക്കേറ്റ് സ്ഥാപനം മുതൽ മർദ്ദീൻ യാത്ര വരെ രണ്ടാംഘട്ടമായും മർദ്ദീൻ യാത്രയ്ക്ക് ശേഷമുള്ളത് മൂന്നാംഘട്ടമായും പരിഗണിക്കാം. ഈ മൂന്ന് തലങ്ങളിലൂടെ വികാസം പ്രാപിച്ച വട്ടശേരിൽ തിരുമേനിയുടെ സഭാസ്വാതന്ത്ര്യ സങ്കല്പത്തെയാണ് വിശകലനം ചെയ്യുന്നത്. ഈ മൂന്ന് ആംഗിളുകളിൽ മാത്രമല്ല, വട്ടശേരിൽ തിരുമേനിയുടെ സഭാസ്വാതന്ത്ര്യത്തെ വ്യത്യസ്തമായ വീക്ഷണകോണുകളിലും വിവിധങ്ങളായ മാനങ്ങളിലും അപഗ്രഥിക്കാവുന്നതാണ്. അതിൽ തന്നെ മൂന്നാമത്തെ തലം സവിശേഷ പ്രാധാന്യമുള്ളതുമാണ്.

കാതോലിക്കേറ്റിന്റെ സ്ഥാപനത്തിന്റെ ആസന്ന കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അബ്ദുള്ളാ പാത്രിയർക്കീസിന്റെ മുടക്കാണ്. പുലിക്കോട്ടിൽ മാർ ദീവന്നാസിയോസിന്റെ പൗരോഹിത്യ കനകജൂബിലി ആഘോഷങ്ങളുടെ സമയത്ത് മലങ്കരസഭ മഫ്രിയാന സ്ഥാനം ആഗ്രഹിക്കുകയും ആ സ്ഥാനം ആവശ്യപ്പെട്ട് കോനാട്ട് മാത്തൻ മല്പാൻ ശീമയ്ക്ക് എഴുത്ത് അയയ്ക്കുകയും ചെയ്തതാണെന്നതും നമുക്ക് അറിയാവുന്നതാണ്. എന്നാൽ പാത്രിയർക്കീസിൽ നിന്ന് അനുകൂല മറുപടി ലഭിക്കുന്നില്ല. പിന്നീട് ഇതേപ്പറ്റി കാര്യമായ ആവശ്യപ്പെടലും ഇല്ല. എന്നാൽ 1911 ഇടവ മാസം 26-ാം തീയതി അബ്ദുള്ളാ പാത്രിയർക്കീസ് വട്ടശേരിൽ തിരുമേനിയെ മുടക്കിയ സാഹചര്യത്തിൽ മറ്റൊരിക്കലും നാം അഭിമുഖീകരിക്കാത്ത പ്രതിസന്ധിയെ നേരിട്ടപ്പോൾ അതിൽ നിന്നു രക്ഷ നേടുവാൻ, ആ കുടുക്കിൽ നിന്ന് രക്ഷപ്പെടുവാൻ ഏറ്റവും പ്രായോഗികമായ മാർഗം കാതോലിക്കേറ്റ് സ്ഥാപിക്കുക എന്നതായിരുന്നു. അന്ത്യോഖ്യൻ സഭാ വിജ്ഞാനീയത്തിൽ, ആ ബന്ധത്തിൽ നിലനിന്നുകൊണ്ട് തന്നെയുള്ള ഒരു ക്രമീകരണം. അല്ലാതെ ആ ബന്ധം അവിടെ ഉപേക്ഷിക്കുവാനുള്ള ശ്രമം അപ്പോൾ ഉണ്ടാകുന്നില്ല. അതുകൊണ്ടുതന്നെയാണ് അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായെ ഇവിടെ കൊണ്ടുവരാനുള്ള തീരുമാനവും ഉണ്ടാകുന്നത്. ഇതാണ് വട്ടശേരിൽ തിരുമേനിയുടെ സ്വാതന്ത്ര്യത്തിന്റെ ആദ്യ നില. മേൽപ്പട്ടക്കാരുടെ വാഴ്ചയാണ് മുടക്കിന്റെ സമയത്ത് മലങ്കരയിലെ മെത്രാപ്പോലീത്താ അനുകൂല കക്ഷി നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി. ശ്ലീഹന്മാരുടെ കാനോൻപ്രകാരം ഒരു എപ്പിസ്കോപ്പായെ വാഴിക്കുന്നത് രണ്ടോ മൂന്നോ മെത്രാപ്പോലീത്താമാർ ചേർന്നാകണം എന്നുണ്ടല്ലോ. ഹൂദായ കാനോൻ അത് കുറച്ചുകൂടി കൃത്യമായി മൂന്ന് എന്ന് ഉറപ്പിച്ചു പറയുന്നു. എന്നാൽ ഇതിനു വിരുദ്ധമായത് പാത്രിയർക്കീസന്മാർ തന്നെ ചെയ്തിട്ടുമുണ്ട്. പത്രോസ് പാത്രിയർക്കീസ് മലങ്കരയിൽ ആറ് മേൽപ്പട്ടക്കാരെ വാഴിച്ചപ്പോൾ മലങ്കര മെത്രാപ്പോലീത്തായെ പോലും ഉൾപ്പെടുത്താതെ ഒറ്റയ്ക്കാണ് വാഴിച്ചത്. എന്നാൽ കാനോൻപ്രകാരം നോക്കിയാൽ മലങ്കരയിലെ മെത്രാപ്പോലീത്താ അനുകൂലകക്ഷിക്ക് മെത്രാപ്പോലീത്താമാരുണ്ടാകുന്നത് പ്രയാസമായി. എന്നാൽ അബ്ദേദ് മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ വരികയും കാതോലിക്കേറ്റ് സ്ഥാപിക്കുകയും മൂന്ന് മെത്രാപ്പോലീത്താമാരെ (യൂയാക്കീം മാർ ഈവാനിയോസ്, ഗീവറുഗീസ് മാർ പീലക്സീനോസ്, ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്) വാഴിക്കുകയും ചെയ്തതോടെ ആ പ്രതിസന്ധി അവസാനിച്ചു. വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ സഭാ സ്വാതന്ത്ര്യ ദർശനത്തിന്റെ ഈ ഒന്നാം തലത്തിൽ ഉൾഭരണ ക്രമീകരണങ്ങളാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. അത് മുടക്കിനു മുമ്പുള്ള കാലത്തും പ്രസക്തമാണ്. ആ ഉൾഭരണസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാൻ തിരുമേനി ഒരിക്കലും സമ്മതിച്ചിരുന്നില്ല. അത് വട്ടിപ്പണക്കേസിന്റെ വിചാരണവേളയിലും മറ്റും അദ്ദേഹം കൊടുത്ത മൊഴികളിൽ നിന്നു വ്യക്തമാണ്. മലങ്കരയിലെ ഭരണം മലങ്കരയിലാണ് നടന്നതെന്ന് നമുക്ക് ആ മൊഴികളിൽ നിന്ന് കൃത്യമാകുന്നുണ്ട്. ഈ ഉൾഭരണസ്വാതന്ത്ര്യത്തിന്റെ തലത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം മർദ്ദീൻ യാത്രയുടെ രണ്ടാം ഘട്ടത്തിലേക്ക് കടക്കുന്നത്. ഒന്നാം കാതോലിക്കാ 1913 മെയ് മാസം കാലം ചെയ്തെങ്കിലും കാതോലിക്കാ വാഴ്ചയുടെ ഒരു പ്രധാന ലക്ഷ്യം നിറവേറ്റപ്പെട്ടതിനാലും സമാധാനശ്രമങ്ങൾ നടന്നിരുന്നതിനാലും ഉടനെ ഒരു കാതോലിക്കാ വാഴ്ചയിലേക്ക് സഭ കടന്നില്ല. വട്ടിപ്പണക്കേസ് തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്ന് വീരരാഘവയ്യങ്കാർ മാർ ദീവന്നാസിയോസിനു എതിരായി വിധിച്ച കാലഘട്ടത്തിലാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമാധാനശ്രമവും നടന്നത്. അവിടെയും

അദ്ദേഹം തന്റെ നിലപാടിൽ മാറ്റം വരുത്തുന്നില്ല. മർദ്ദീൻ യാത്ര ആരംഭിച്ചത് കുണ്ടറയിൽ നിന്നാണല്ലോ. യാത്ര ആരംഭിക്കുന്നതിനു മുമ്പ് നടത്തുന്ന പ്രസംഗത്തിൽ എന്തിനാണ് താൻ മർദ്ദീനിലേക്ക് പോകുന്നതെന്ന് വ്യക്തമാക്കുന്നുണ്ട്. എന്താണ് തന്റെ യാത്രയുടെ ഉദ്ദേശ്യമെന്ന് അദ്ദേഹം അർഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കുന്നു: "ഇവിടെ നടക്കുന്നത് ഇതൊക്കെയാണെന്ന് അറിയിക്കണം, സഭയിൽ സമാധാനം ഉണ്ടാകണം.' അത് പാത്രിയർക്കീസിനോട് അദ്ദേഹം നേരിട്ടു പറയുന്നുമുണ്ട്. പാത്രിയർക്കീസ് നേരിട്ടു കാണുമ്പോൾ എന്തെങ്കിലും പറയാനുണ്ടോ എന്നാണ് ചോദിക്കുന്നത്. അതിന്റെ മറുപടി "സഭ ഭിന്നിച്ചു പോകാതെ മേലാൽ ന്യായമായി എല്ലാം നടന്നു പോകണം" എന്നാണ്. കൃത്യമായ ഒരു മറുപടി. 'ന്യായമായി എല്ലാം നടന്നു പോകണം!' ന്യായമായി നടന്നാൽ ഭിന്നത ഉണ്ടാകില്ല എന്നദ്ദേഹം വ്യക്തമാക്കി. ന്യായമില്ലാത്ത അധികാരപ്രയോഗത്തിനുള്ള ശ്രമമാണ് മലങ്കരയിലെ ഭിന്നതയുടെ ഒരു വലിയ കാരണവും. ന്യായമായി അധികാരം പ്രയോഗിച്ചാൽ മുടക്ക് വരില്ല!, കാനോനികമല്ലാത്ത മേൽപ്പട്ടവാഴ്ചകൾ വരില്ല!, തത്വാധിഷ്ഠിതമല്ലാത്ത അധികാരസ്ഥാനങ്ങൾ വരില്ല. കൃത്യമായ ഒരു അനുമാനം. ഇതാണ് വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ സഭാസ്വാതന്ത്ര്യത്തിന്റെ രണ്ടാം തലം. തന്റെ മുടക്ക് ഒരു വലിയ കാര്യമായി അദ്ദേഹം പരിഗണിക്കുന്നേയില്ല. അതുകൊണ്ടാണ് മുടക്കിനു ശേഷവും അദ്ദേഹം മേൽപ്പട്ടത്വത്തിനടുത്തതായ പ്രവൃത്തികൾ ചെയ്തത്. അപ്പോൾ മുടക്ക് പ്രശ്നമല്ല. എന്നാൽ സമാധാനത്തിനുള്ള മാർഗം അന്വേഷിക്കണം. നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് സമാധാനത്തിനായി ശ്രമിക്കുക. അബ്ദേദ് മശിഹാ പാത്രിയർക്കീസ് നൽകിയ മേൽപ്പട്ടസ്ഥാനങ്ങളും ആ പിതാക്കന്മാർ നടത്തിയ പട്ടത്വദാനങ്ങളും സംബന്ധിച്ച് ഒരു ചർച്ചയ്ക്കും അദ്ദേഹം തയ്യാറാകുന്നില്ല. അതെല്ലാം സാധുവായതിനാൽ അതിനെ പുനഃക്രമീകരിക്കേണ്ട ആവശ്യമില്ല. ഒരു കല്പനയിലൂടെ അംഗീകരിക്കുക മാത്രം ചെയ്യുക. ഈ ശ്രമത്തിൽ അദ്ദേഹം വിജയിച്ചതുമാണ്. അപ്രകാരമുള്ള കല്പനകളുമായിട്ടാണ് പാത്രിയർക്കീസും മാർ ദീവന്നാസിയോസും ചേർന്ന് വാഴിച്ച മാർ യൂലിയോസ് സ്ഥാനമേറ്റ് വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ ഒപ്പം വന്നത്. ആർക്കോണത്തു വച്ച് റയിൽവേ റൂമിൽ ആ കല്പനകൾ മാർ യൂലിയോസ് സഹയാത്രികരെ കാണിച്ചതുമാണ്. മാത്രമല്ല, ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയശേഷം അവിടെ കൂടിയിരുന്നവരോടായി മാർ യൂലിയോസ് കല്പന ഉണ്ടെന്നും പത്തു ദിവസത്തിനകം അത് പുറത്തുവിടുമെന്നും പറഞ്ഞതുമാണ്. എന്നാൽ പത്തു ദിവസമെന്നത് പത്തു മാസം കഴിഞ്ഞിട്ടും ഒന്നും നടന്നില്ല. രണ്ടാം തലം നമുക്കിവിടെ നിർത്താം.

വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ സഭാസ്വാതന്ത്ര്യത്തിന്റെ മൂന്നാമത്തെ തലമാണ് അടുത്തത്. അത് വളരെ പ്രധാനപ്പെട്ടതുമാണ്. മർദ്ദീൻ യാത്ര ഉദ്ദേശിച്ച ഫലം കണ്ടില്ലെന്നു വന്നതോടെ സ്വാതന്ത്ര്യചിന്ത പൂർണ അർത്ഥത്തിലേക്ക് വളർന്നു. ആദ്യ പടിയായി രണ്ടാം കാതോലിക്കായെ വാഴിച്ചു. വട്ടിപ്പണക്കേസിന്റെ റിവ്യൂ ഹർജി പരിഗണിച്ച കോടതി അത് മാർ ദീവന്നാസിയോസിനു അനുകൂലമായി വിധിച്ചു. സഭാ ഭരണഘടനയുടെ രൂപീകരണത്തിനായുള്ള ഔദ്യോഗികശ്രമങ്ങളും ആരംഭിച്ചത് ഈ സമയത്തായിരുന്നു. അതിന്റെ ദീർഘമായ ചരിത്രം ഞാൻ എഴുതിയ 'മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ' എന്ന പുസ്തകത്തിൽ ലഭ്യമാണ്. നമുക്ക് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, മലങ്കരസഭയ്ക്കു ഒരു ഭരണഘടന ആവശ്യമാണെന്ന് ആദ്യമായി ആവശ്യപ്പെടുന്നത് തിരുവനന്തപുരം സിറ്റി പ്രസിൽ നിന്ന് എൻ. ജെ. ഫെർണാണ്ടസ് പബ്ലീഷറും ജേക്കബ് കുര്യൻ പത്രാധിപരുമായ 'സുറിയാനി സഭ' എന്ന മാസികയാണ്. എന്നാൽ മാസികയുടെ ആവശ്യത്തോട് ആദ്യഘട്ടത്തിൽ ഔദ്യോഗിക സഭാനേതൃത്വത്തിനു അത്ര പ്രതിപത്തിയില്ലായിരുന്നു. എന്നാൽ പിന്നീട് നിലപാട് മാറുകയും 1930-ൽ ഭരണഘടന എഴുതാൻ ഒരു കമ്മിറ്റിയെ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ചുമതലപ്പെടുത്തുകയും ചെയ്തു. പഴയ സുറിയാനി സഭാ മാസികയുടെ പ്രവർത്തകരായിരുന്ന അഞ്ചോളം പേർ ഈ കമ്മിറ്റിയിൽ അംഗങ്ങളുമായിരുന്നു. ആദ്യം പറഞ്ഞതു പോലെ മൂന്ന് താൽപര്യക്കാർ കമ്മിറ്റിയിലും സഭയിലും ആ സമയത്ത് ഉണ്ടായിരുന്നു. ഒന്ന് പൂർണ ജനാധിപത്യവാദികൾ - സുറിയാനി സഭാ മാസികയുടെ പ്രവർത്തകർ ഈ വിഭാഗമായിരുന്നു. രണ്ട്, എപ്പിസ്കോപ്പൽ ഭരണത്തിനായി വാദിച്ചവർ - മലങ്കര മെത്രാപ്പോലീത്താ ഉൾപ്പെടെയുള്ളവർ ഈ വിഭാഗമായിരുന്നു. മൂന്നാമത്തെ വിഭാഗം രണ്ടു കൂട്ടരെയും കൂടി സംയോജിപ്പിച്ച് ഒരു അഭിപ്രായ ഐക്യത്തിലെത്തിക്കാൻ ശ്രമിച്ചവർ. തങ്ങളുടെ വാദങ്ങൾ അവതരിപ്പിച്ചുകൊണ്ട് സുറിയാനി സഭാ പ്രവർത്തകരായ അഞ്ചു പേരും ചേർന്ന് ഒരു ഡ്രാഫ്റ്റും വടക്കൻപറവൂർ സ്വദേശിയായ എ. സി. പോൾ വേറൊരു ഡ്രാഫ്റ്റും അക്കാലത്ത് ശനിയാഴ്ചതോറും പ്രസിദ്ധീകരിച്ചിരുന്ന 'കേരള കേസരി' പത്രത്തിൽ പ്രസിദ്ധീകരിച്ചു. അഭിപ്രായഐക്യം ഉണ്ടാകുന്നില്ലായെന്നു കണ്ട വട്ടശേരിൽ മാർ ദീവന്നാസിയോസ് തന്റെ അഭിപ്രായങ്ങൾ അതേ കേരള കേസരി പത്രത്തിൽ 1932 ജൂലൈ 2 മുതൽ സെപ്തംബർ 10 വരെയായി പ്രസിദ്ധീകരിച്ചു. സഭാ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ മൂന്നാം തലം ഇവിടെ കാണുവാൻ സാധിക്കും. വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ ഡ്രാഫ്റ്റ് പരമ്പരയായി പ്രസിദ്ധീകരിച്ചു കഴിഞ്ഞ ഉടനെ തന്നെ ഭരണഘടനാ നിർമ്മാണക്കമ്മറ്റിയുടേതായ ഒരു ഡ്രാഫ്റ്റ് കൺവീനർ ഒ. എം. ചെറിയാൻ അദ്ദേഹത്തിന്റെ കവറിംഗ് ലെറ്ററോടു കൂടി അയച്ചു കൊടുക്കുകയും പ്രസിദ്ധീരിക്കുകയും ചെയ്തു. ഈ ഡ്രാഫ്റ്റിന്റെ ഒരു പരിഷ്ക്കരിച്ച രൂപമാണ് 1934-ൽ പാസാക്കിയ ഭരണഘടനയുടേത്. എന്നാൽ മാർ ദീവന്നാസിയോസ് തയ്യാറാക്കിയ ഡ്രാഫ്റ്റിൽ തെളിയുന്ന സ്വാതന്ത്ര്യബോധത്തെ ഒന്നുരണ്ട് വകുപ്പുകളെ മാത്രം മുൻനിർത്തി വ്യക്തമാക്കുകയാണ് ഇവിടെ.

ആറാം വകുപ്പിൽ അദ്ദേഹം രേഖപ്പെടുത്തുന്നു: "അന്ത്യോഖ്യൻ സിംഹാസനവുമായിട്ടുള്ള സംബന്ധം നിലനിർത്തുന്നത് നമ്മുടെ സ്ഥാനാഭിഷേകം, മൂറോൻ കൂദാശ മുതലായ കൂദാശകൾ പാത്രിയർക്കീസിന്റെ സംബന്ധമോ അനുവാദമോ സഹകരണമോ കൂടാരെ കഴിച്ചുകൂടായെന്ന വിധത്തിലുള്ള യാതൊരു സംബന്ധമോ ആയിരിക്കരുത്. ആ വിധത്തിൽ ആകുന്നപക്ഷം ശീമക്കാരും അവരുടെ ദുരാഗ്രഹങ്ങൾക്കു സഹായിക്കുന്ന നമ്മുടെ നാട്ടുകാരും ഇക്കാലത്തുപോലും ചെയ്തുവരുന്ന പതിവനുസരിച്ച് അങ്ങനെയുള്ള കൂദാശകൾക്ക് പാത്രിയർക്കീസിന്റെ സംബന്ധം ഇല്ലാതിരുന്നാൽ പൂർണത ഇല്ലെന്നും അതു മൂലം ആത്മവരം മുതലായതു ലഭിക്കുന്നതല്ലായെന്നും മറ്റും പ്രസ്താവിച്ച് പരമാർത്ഥികളായ ജനങ്ങളിൽ കപടഭക്തി വർദ്ധിപ്പിക്കുകയും സഭയിൽ ഇടർച്ചകളും കുഴപ്പങ്ങളും ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്നതാണ്." ഇങ്ങനെ പറയാനുള്ള പ്രധാന കാരണം 1932 ഏപ്രിൽ മാസം മലങ്കരയിൽ പൗരസ്ത്യ കാതോലിക്കാ ആദ്യമായി വി. മൂറോൻ കൂദാശ നിർവഹിച്ചപ്പോൾ മറുവിഭാഗത്തിൽ നിന്നുണ്ടായ അവഹേളനപരമായ പ്രചാരണമാണ്. ആ വകുപ്പിന്റെ അവസാന വാചകമിതിലും ശ്രദ്ധേയമാണ്: "അതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സിംഹാസനത്തിനും ആ സിംഹാസനത്തിന്റെ കീഴിൽ ശീമയിലുള്ള നമ്മുടെ സഹോദര സഭയ്ക്കും ലൗകികമായ സഹായം, ആശ്വാസം, ബഹുമാനം എന്നിങ്ങനെയുള്ളതിൽ മാത്രം സംബന്ധമുണ്ടായിരിപ്പാൻ മാത്രം കരുതി പ്രവർത്തിക്കേണ്ടതും അതുകൾക്കും സ്ഥിരമായ ഒരു അതിർത്തി ഉണ്ടായിരിക്കേണ്ടതുമാണ്."

ഉപസംഹാരം

വട്ടശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെ സഭാ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ചില ദർശനങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. ആദ്യമേ പറഞ്ഞതുപോലെ ഇത് പല വിധത്തിൽ അപഗ്രഥിക്കാവുന്ന വിഷയവുമാണ്. അദ്ദേഹത്തിന്റെ ജീവിത-ഭരണകാലയളവിലെ ചില പ്രധാന സന്ദർഭങ്ങളെ ആധാരമാക്കി അദ്ദേഹത്തിന്റെ സ്വാതന്ത്ര്യദർശനങ്ങൾക്കും ചിന്തകൾക്കുമുണ്ടായ വികാസ-പരിണാമങ്ങളാണ് നമ്മൾ കണ്ടെത്താൻ ശ്രമിച്ചത്. ആദ്യം ഉൾഭരണ സ്വാതന്ത്ര്യവും പിന്നീട് അതിൽ നിലനിന്നുകൊണ്ടുള്ള സമാധാനശ്രമങ്ങളും അവസാനതലത്തിൽ പൂർണസ്വാതന്ത്ര്യവും. ഈ ഓരോ നിലയും അപഗ്രഥിക്കേണ്ടത് അക്കാലത്ത് നിലനിന്നിരുന്ന സഭാവിജ്ഞാനീയത്തിൻെ തലത്തിലാണ്. എന്നാൽ തൊണ്ണൂറ് വർഷങ്ങൾക്കിപ്പുറവും സഭാസമാധാനവും സ്വാതന്ത്ര്യവും സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാടുകൾ പ്രാഥമികമായി അടിസ്ഥാനപ്പെട്ടിരിക്കുന്നത് അദ്ദേഹത്തിന്റെ ആശയങ്ങളിൽ തന്നെയാണ്. ആ ചിന്തകളിൽ അടിസ്ഥാനപ്പെട്ടുകൊണ്ടുള്ള പരിണാമങ്ങളാണ് നമ്മുടെ നിലപാടുകൾക്കും ബോദ്ധ്യങ്ങൾക്കും ഉണ്ടായിട്ടുള്ളതും. അതുകൊണ്ടാണ് സഭാസ്വാതന്ത്ര്യം സംബന്ധിച്ച നമ്മുടെ ഏതു ചർച്ചകളും വട്ടശേരിൽ മാർ ദീവന്നാസിയോസിൽ കേന്ദ്രീകരിക്കുന്നത്.ഭാരതീയ പാരമ്പര്യത്തിൽ ഉൾക്കാടുകളിലേക്ക് പുതുവഴി വെട്ടിയാണ് പലപ്പോഴും ഒരു മുനി തന്റെ പർണശാല ഒരുക്കുന്നത്. ആ വഴി ആദ്യമായി കണ്ടതും വെട്ടിയതും ആ മഹർഷി ആയിരിക്കും. അപ്രകാരം പാത വെട്ടിയ ഒരു മുനിയെയാണ് നമ്മൾ ഈ ദിവസങ്ങളിൽ അനുസ്മരിക്കുന്നത്. ആ അനുസ്മരണം തന്നെ ഒരു നന്ദിപ്രകടനമാണ്, തലമുറകൾക്കുള്ള ഒരു ചേർത്തുവയ്പാണ്.

(20-02-2025-ൽ കോട്ടയം പഴയസെമിനാരിയിൽ അവതരിപ്പിച്ച പ്രബന്ധം)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



സെലോഫഹാദിന്റെ പുത്രിമാർ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിലെ സവിശേഷവും പ്രധാനപ്പെട്ടതുമായ ഒരു വിവരണമാണ് സെലോഫഹാദിന്റെ പുത്രിമാരുടെ കഥ, പ്രത്യേകിച്ച് സംഖ്യാപുസ്തകത്തിൽ അദ്ധ്യായം 27 ലും യോശുവയുടെ പുസ്തകത്തിൽ അദ്ധ്യായം 17 ലും ഇത് പരാമർശിക്കപ്പെടുന്നു. പുരാതന ഇസ്രായേൽ സമൂഹത്തിലെ അനന്തരാവകാശ നിയമങ്ങൾ, ലിംഗസമത്വം, സാമൂഹിക നീതി എന്നിവയുടെ കാര്യത്തിൽ അവർ പലപ്പോഴും ശ്രദ്ധിക്കപ്പെടുന്നു. മഹ്ലാ, നോവാ, ഹൊഗ്ലാ, മിൽക്കാ, തിർസാ എന്നീ അഞ്ച് പെൺമക്കളുടെ ധീരമായ അഭ്യർത്ഥനയ്ക്കും തുടക്കത്തിൽ പുരുഷ അവകാശികൾക്ക് അനുകൂലമായിരുന്ന ഇസ്രായേലിന്റെ അനന്തരാവകാശ നിയമങ്ങൾ മാറ്റുന്നതിൽ അവർ വഹിച്ച പങ്കും ശ്രദ്ധേയമാണ്.



1. ചരിത്രപരമായ സന്ദർഭവും കുടുംബ പശ്ചാത്തലവും

ഇസ്രായേൽ ഗോത്രങ്ങളിലൊന്നായ മനശ്ശെ ഗോത്രത്തിൽ നിന്നുള്ളവനായിരുന്നു സെലോഫഹാദ്. അദ്ദേഹത്തിന് പുത്രന്മാരില്ല, പക്ഷേ അഞ്ച് പെൺമക്കൾ ഉണ്ടായിരുന്നു. ഇസ്രായേല്യർ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോചിതരായി വാഗ്ദത്ത ദേശത്തേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുമ്പോഴാണ് അവരുടെ കഥ നടക്കുന്നത്. ഈ പശ്ചാത്തലത്തിൽ, ഇസ്രായേല്യരുടെ അനന്തരാവകാശ നിയമങ്ങൾ രൂപപ്പെടുത്തി, അവ സാധാരണയായി പുരുഷ അവകാശികൾക്ക് അനുകൂലമായിരുന്നു. എന്നിരുന്നാലും, ഈ നിയമങ്ങൾ സെലോഫഹാദിന്റെ പുത്രിമാർ വെല്ലുവിളിച്ചു.

'ഞങ്ങളുടെ അപ്പൻ മരുഭൂമിയിൽ വെച്ചു മരിച്ചുപോയി; എന്നാൽ അവൻ യഹോവെക്കു വിരോധമായി കോരഹിനോടു കൂടിയവരുടെ കൂട്ടത്തിൽ ചേർന്നിരുന്നില്ല; അവൻ സ്വന്തപാപത്താൽ അത്രേ മരിച്ചതു; അവന്നു പുത്രന്മാർ ഉണ്ടായിരുന്നതുമില്ല. ഞങ്ങളുടെ അപ്പന്നു മകൻ ഇല്ലായ്കകൊണ്ടു അവന്റെ പേർ കുടുംബത്തിൽനിന്നു ഇല്ലാതെയാകുന്നതു എന്തു? അപ്പന്റെ സഹോദരന്മാരുടെ ഇടയിൽ ഞങ്ങൾക്കു ഒരു അവകാശം തരേണം. മോശെ അവരുടെ കാര്യം യഹോവയുടെ മുമ്പാകെ വെച്ചു. മോശെയോടു അരുളിച്ചെയ്തതു: സെലോഫഹാദിന്റെ പുത്രിമാർ പറയുന്നതു ശരിതന്നെ; അവരുടെ അപ്പന്റെ സഹോദരന്മാരുടെ ഇടയിൽ അവർക്കു ഒരു അവകാശം കൊടുക്കേണം; അവരുടെ അപ്പന്റെ അവകാശം അവർക്കു കൊടുക്കേണം. നീ യിസ്രായേൽ മക്കളോടു പറയേണ്ടതു എന്തെന്നാൽ: ഒരുത്തൻ മകനില്ലാതെ മരിച്ചാൽ അവന്റെ അവകാശം അവന്റെ മകൾക്കു കൊടുക്കേണം. അവന്നു മകൾ ഇല്ലാതിരുന്നാൽ അവന്റെ അവകാശം അവന്റെ സഹോദരൻമാർക്കു കൊടുക്കേണം. അവന്റെ അപ്പന്ന് സഹോദരന്മാർ ഇല്ലാതിരുന്നാൽ നിങ്ങൾ അവന്റെ കുടുംബത്തിൽ അവന്റെ അടുത്ത ചാർച്ചക്കാരന് അവന്റെ അവകാശം കൊടുക്കേണം."

സെലോഫഹാദിന്റെ പെൺമക്കൾ ഇസ്രായേൽ സമൂഹത്തിലെ ഒരു സുപ്രധാന പരിവർത്തനത്തിന്റെ ഭാഗമായിരുന്നു, അവിടെ സ്ത്രീകൾ തങ്ങളുടെ അവകാശം നേടിയെടുക്കുന്നതിനായി പരമ്പരാഗത പിതൃാധിപത്യ മാനദണ്ഡങ്ങളെ വെല്ലുവിളിച്ചു. കുടുംബത്തിൽ പുരുഷ അവകാശികളുടെ അഭാവം ഭാവിയിലെ അനന്തരാവകാശ കേസുകൾക്ക് ഒരു മാതൃക നൽകുന്ന ഒരു നിയമപരമായ പ്രതിസന്ധി സൃഷ്ടിച്ചു.

2. ധൈര്യവും നീതിബോധവും

സെലോഫഹാദിന്റെ പെൺമക്കളുടെ പ്രാഥമിക സ്വഭാവം അവരുടെ ധൈര്യമായിരുന്നു. അനന്തരാവകാശം, സ്വത്ത്, കുടുംബകാര്യങ്ങൾ എന്നിവയിൽ പുരുഷന്മാർ സാധാരണയായി തീരുമാനങ്ങൾ എടുക്കുന്ന ഒരു സമൂഹത്തിൽ, നീതി തേടാൻ ഈ സ്ത്രീകൾ തങ്ങളുടെ നേതാവായ മോശ ഉൾപ്പെടുന്ന നേതൃത്വത്തെ സമീപിക്കുക എന്ന അഭൂതപൂർവമായ നടപടി സ്വീകരിച്ചു. തങ്ങളുടെ പിതാവ് ഒരു മകനില്ലാതെ മരിച്ചുവെന്നും അതിനാൽ, പിതാവിന്റെ ഭൂമിയുടെ അവകാശം തങ്ങൾക്ക് ലഭിക്കാൻ അനുവദിക്കണമെന്നും പ്രസ്താവിച്ചുകൊണ്ട് അവർ മോശയോട് ഒരു ഔപചാരിക അപേക്ഷ നടത്തി. അവരുടെ ധൈര്യം കേവലം നിയമപരമായതോ സാമ്പത്തികമോ ആയ താൽപ്പര്യത്തിന്റെ കാര്യമായിരുന്നില്ല; അത് നീതിയുടെ കാര്യമായിരുന്നു. പുരുഷ അവകാശികൾ ഇല്ലാത്തപ്പോൾ പോലും തങ്ങളുടെ കുടുംബത്തിന്റെ പേരും പാരമ്പര്യവും തുടരുമെന്ന് ഉറപ്പാക്കാൻ നീതിബോധത്തിൽ അധിഷ്ഠിതമായ നടപടിയെടുത്തതിലൂടെ, അവർ വ്യക്തിപരമായ ധൈര്യം മാത്രമല്ല, ഭാവി തലമുറകളോടുള്ള ഉത്തരവാദിത്തബോധവും പ്രകടിപ്പിച്ചു.

സെലോഫഹാദിന്റെ പെൺമക്കൾ കേവലം വ്യക്തിപരമായ നേട്ടം ആവശ്യപ്പെടുകയായിരുന്നില്ല. മറിച്ച് അവർ നീതിയുടെ വിശാലമായ തത്വത്തിനുവേണ്ടി വാദിക്കുകയായിരുന്നു. നീതിയിലും ലിംഗഭേദമില്ലാതെ എല്ലാ ആളുകൾക്കും സ്വത്ത് അവകാശമാക്കാനും അവരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടാനും ഉള്ള ആഗ്രഹത്തിലും വേരൂന്നിയതായിരുന്നു മോശയോടുള്ള അവരുടെ അഭ്യർത്ഥന. അവരുടെ കേസ് കുടുംബ പൈതൃകത്തിന്റെ സാധ്യത നഷ്ടപ്പെടുന്നതും അവർ സ്ത്രീകളായതിനാൽ അവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതുമായ ഒരു പ്രധാന വിഷയത്തെ അവർ നീതിപൂർവ്വം കൈകാര്യം ചെയ്തു.

മോശയുടെ നീതിബോധത്തെയും ദൈവഹിതത്തെയും അവർ അംഗീകരിച്ചതിനാൽ അവരുടെ അഭ്യർത്ഥന നീതിയുടെ കാര്യമായി രൂപപ്പെടുത്തി. അന്യായമോ അനുവാദമില്ലാത്തതോ ആയ എന്തെങ്കിലും അവർ ആവശ്യപ്പെട്ടില്ല, മറിച്ച് ദൈവമുമ്പാകെ നീതിയുടെയും സമത്വത്തിന്റെയും അടിസ്ഥാന മൂല്യങ്ങളുമായി പൊരുത്തപ്പെടുന്നതായി തോന്നുന്ന ഒന്ന് അവർ ആവശ്യപ്പെട്ടു. അവരുടെ സമീപനം ആദരവോടെയും ഉറച്ചതുമായിരുന്നു, അനന്തരാവകാശത്തിനും നീതിക്കും വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയിൽ അവർക്കുള്ള ശരിയായ സ്ഥാനത്തെക്കുറിച്ച് വ്യക്തമായ ധാരണ പ്രകടമാക്കി.

3. സ്ത്രീകൾക്കായുള്ള ശാക്തീകരണവും വാദവും

സെലോഫഹാദിന്റെ പെൺമക്കളുടെ കഥ ബൈബിളിലെ സ്ത്രീകൾക്കുള്ള ശാക്തീകരണത്തിന്റെ ഒരു സുപ്രധാന നിമിഷത്തെ പ്രതിനിധീകരിക്കുന്നു. അക്കാലത്ത്, സ്ത്രീകൾക്ക് പലപ്പോഴും നിയമപരമായ അവകാശങ്ങൾ പരിമിതമായിരുന്നു. സംരക്ഷണത്തിനും ഉപജീവനത്തിനുമായി പുരുഷ

ബന്ധുക്കളെ ആശ്രയിക്കേണ്ട അവസ്ഥയിലായിരുന്നു അവർ. ഈ അഞ്ച് പെൺമക്കളുടെ പ്രവർത്തനങ്ങൾ ഈ പരിമിതികളെ നേരിട്ട് വെല്ലുവിളിക്കുന്നു, നിയമത്തിന്റെ ദൃഷ്ടിയിൽ സ്ത്രീകൾക്കും അവകാശികളാകാൻ കഴിയുമെന്ന് ഉറപ്പിച്ചു പറയുന്നു.

സെലോഫഹാദിന്റെ പെൺമക്കൾ തുറന്നു പറഞ്ഞുകൊണ്ട്, സ്ത്രീകളുടെ അനന്തരാവകാശങ്ങൾ സംബന്ധിച്ച ഭാവി കേസുകൾക്ക് അവർ ഒരു മാതൃക സൃഷ്ടിച്ചു. അനന്തരാവകാശത്തെക്കുറിച്ചുള്ള നിയമങ്ങൾ പിന്നീട് അവരുടെ അഭ്യർത്ഥനയ്ക്ക് മറുപടിയായി ദൈവം ഭേദഗതി ചെയ്തു. സംഖ്യാപുസ്തകം 27:7-ൽ, ദൈവം മോശയോട് മറുപടി പറഞ്ഞു. സ്ത്രീകളുടെ അവകാശങ്ങൾക്കായുള്ള ഒരു സുപ്രധാന വിജയമായിരുന്നു ഇത്, അക്കാലത്തെ സാമൂഹിക മാനദണ്ഡങ്ങളിൽ ഒരു മാറ്റത്തെ അടയാളപ്പെടുത്തി.

അവരുടെ വാദങ്ങൾ അവരുടെ സ്വന്തം കേസിൽ അവസാനിച്ചില്ല. സമാന സാഹചര്യങ്ങളിലുള്ള മറ്റ് സ്ത്രീകൾക്ക് അവരുടെ അവകാശം അവകാശപ്പെടാൻ അവരുടെ പ്രവർത്തനങ്ങൾ സാധ്യമാക്കി. ഇസ്രായേലിലെ നേതാക്കളെ സമീപിക്കുന്നതിലൂടെ, അവരുടെ സമൂഹത്തിന്റെ സാമൂഹികവും മതപരവുമായ ഘടനകൾക്കുള്ളിൽ ലിംഗസമത്വത്തിനായി വാദിക്കുന്നതിൽ ഈ പെൺമക്കൾ ഒരു പ്രധാന പങ്ക് വഹിച്ചു.

4 ദൈവഹിതത്തിലുള്ള വിശ്വാസവും ആശ്രയവും

സെലോഫഹാദിന്റെ പുത്രിമാരും ദൈവത്തിന്റെ നീതിയിൽ വിശ്വാസം പ്രകടിപ്പിച്ചു. മോശയോടും ജനസമൂഹത്തോടുമുള്ള അവരുടെ അഭ്യർത്ഥന സ്വാർത്ഥമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ദൈവം ശരിയായത് ഉയർത്തിപ്പിടിക്കുമെന്ന വിശ്വാസത്തിലായിരുന്നു. ദൈവം അവരുടെ അപേക്ഷ കേൾക്കുമെന്ന് അവർ വിശ്വസിച്ചു, തീർച്ചയായും, ദൈവം അവരുടെ അഭ്യർത്ഥന സ്ഥിരീകരിച്ചു, അവരുടെ അപേക്ഷ ദിവ്യനീതിക്ക് അനുസൃതമാണെന്ന് ഉറപ്പിച്ചു.

അഹങ്കാരമില്ലാതെ, ദൈവത്തിന്റെ ഇഷ്ടം നടക്കുമെന്ന പ്രതീക്ഷയോടെ, അവർ അവരുടെ പ്രശ്നത്തെ സമീപിച്ച രീതിയിലൂടെ, അവരുടെ വിശ്വാസം നമുക്ക് കാണാൻ കഴിയും. നേതാവായ മോശയുടെയും മൂപ്പന്മാരുടെയും മുമ്പാകെ നിൽക്കാനുള്ള അവരുടെ സന്നദ്ധത, അവരുടെ സാഹചര്യത്തിൽ നീതി നടപ്പാക്കാനുള്ള ദൈവത്തിന്റെ കഴിവിലുള്ള അവരുടെ വിശ്വാസത്തിന്റെ പരസ്യ പ്രഖ്യാപനമായിരുന്നു. ദൈവം അവരുടെ അഭ്യർത്ഥനയോട് ക്രിയാത്മകമായി പ്രതികരിക്കുമെന്ന് അവർ വിശ്വസിച്ചു.

സെലോഫഹാദിന്റെ പുത്രിമാരുടെ പാരമ്പര്യം അനന്തരാവകാശ നിയമങ്ങളുടെ കാര്യത്തിൽ മാത്രമല്ല, ബൈബിളിന്റെ വിശാലമായ വിവരണത്തിലും പ്രധാനമാണ്. പുരുഷ അവകാശികൾ ഇല്ലെങ്കിൽ ഭാവി തലമുറയിലെ സ്ത്രീകൾക്ക് ഭൂമി അവകാശമായി ലഭിക്കാൻ അനുവദിക്കുന്ന ഒരു മാതൃകയാണ് അവരുടെ കേസ് സൃഷ്ടിച്ചത്. ഭൂമിയുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽ നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നും സ്ത്രീകളെ ഒഴിവാക്കരുതെന്ന ആശയം ഉറപ്പിക്കാൻ നിയമത്തിലെ ഈ മാറ്റം സഹായിച്ചു.മാത്രമല്ല, കർക്കശമായ ഘടനകളുള്ള സമൂഹങ്ങളിൽ പോലും വ്യക്തികൾക്ക് നീതിക്കുവേണ്ടി വാദിക്കാനും ശാശ്വതമായ സ്വാധീനം ചെലുത്താനും എങ്ങനെ കഴിയുമെന്നതിന്റെ ഒരു ഉദാഹരണമാണ് ഈ സംഭവം. ധൈര്യം, നീതി, ശരിയായ കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളാനുള്ള സന്നദ്ധത എന്നിവ സമൂഹത്തിൽ യഥാർത്ഥ മാറ്റം കൊണ്ടുവരുമെന്ന് സെലോഫഹാദിന്റെ പെൺമക്കൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

ലിംഗഭേദമില്ലാതെ വ്യക്തികൾക്ക് അനീതിയെ വെല്ലുവിളിക്കാനും മാറ്റത്തിനായുള്ള ശബ്ദമാകാനും എങ്ങനെ കഴിയുമെന്നതിന്റെ ഒരു പ്രധാന ഉദാഹരണമായി സെലോഫഹാദിന്റെ പെൺമക്കൾ തുടരുന്നു. ദൈവത്തിന്റെ ഇഷ്ടം പലപ്പോഴും നീതിക്കും സമത്വത്തിനും വേണ്ടിയാണെന്നും ശരിയായ കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നത് സമൂഹത്തിൽ ശാശ്വതമായ പരിവർത്തനത്തിന് കാരണമാകുമെന്നും ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു.

എതിർപ്പുകൾ നേരിടുമ്പോഴും അധികാരവൃന്ദത്തോട് സത്യം പറയുകയും നീതി തേടുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. ലിംഗഭേദമില്ലാതെ എല്ലാ വ്യക്തികൾക്കും നീതിയും സമത്വവും ഉറപ്പാക്കാൻ നിയമവ്യവസ്ഥകൾ പൊരുത്തപ്പെടേണ്ടതിന്റെ ആവശ്യകതയുടെ തെളിവാണ് ഇത്. വിശ്വാസവും നീതിയും ആഴത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഈ സംഭവം തെളിയിക്കുന്നു. ഇവരുടെ അഭ്യർത്ഥന സാമൂഹിക പരിഷ്കരണത്തിന് കാരണമായി എന്നു മാത്രമല്ല, ദൈവത്തിന്റെ നിയമങ്ങൾ ചലനാത്മകവും മനുഷ്യന്റെ ആവശ്യങ്ങളോട് പ്രതികരിക്കുന്നതുമാണെന്ന് വെളിപ്പെടുത്തി. ഇത് സമകാലിക വിശ്വാസികളെ അവരുടെ വിശ്വാസത്തിന്റെ പ്രകടനമായി സാമൂഹിക നീതിക്കായി പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. സെലോഫഹാദിന്റെ പെൺമക്കൾ നിഷ്ക്രിയരല്ല, മറിച്ച് മാറ്റത്തിനായി അവർ സജീവമായി ആഗ്രഹിച്ചു. ഇന്നത്തെ നേതൃപാടവത്തിലുള്ള സ്ത്രീകൾക്ക് ഇത് പ്രചോദനമായി വർത്തിക്കുന്നു, സ്ഥിരോത്സാഹത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെയും ശക്തിയെ ഇത് ഓർമ്മിപ്പിക്കുന്നു. അനന്തരാവകാശ നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള തീരുമാനം ഇസ്രായേലിലെ ഭാവി തലമുറകൾക്ക് അനുഗ്രഹകരമായി തീർന്നു. സമാന സാഹചര്യങ്ങളിലുള്ള മറ്റ് സ്ത്രീകൾക്ക് പ്രയോജനം ലഭിക്കുമെന്ന് ഉറപ്പാക്കി. സമൂഹത്തിന് മൊത്തത്തിൽ പ്രയോജനം ചെയ്യുന്നതും ഉടനടി നിലനിൽക്കുന്നതുമായ വ്യവസ്ഥാപരമായ മാറ്റങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം ഈ സംഭവം ഊന്നിപ്പറയുന്നു. ചരിത്രപരമോ മതപരമോ ആയ ഒരു പശ്ചാത്തലത്തിൽ മാത്രമല്ല, ആധുനിക സമൂഹത്തിൽ ലിംഗസമത്വത്തിനും നീതിക്കും വേണ്ടിയുള്ള നിരന്തരമായ പോരാട്ടത്തിന്റെ ഓർമ്മപ്പെടുത്തലായും അവരുടെ ജീവിതാനുഭവം പ്രസക്തമായി തുടരുന്നു.


പുസ്തകം


ചേപ്പാട് മാർ ദീവന്നാസിയോസ്

ഫാ. ഡോ വി. സി. സാമുവൽ

പ്രസാധകർ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം

വില: 110.00






മാർത്തോമാ ശ്ലീഹായുടെ സിംഹാസനം ഒരു നവീന സൃഷ്ടിയോ?

ഡോ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ

പ്രസാധകർ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം

വില: 150.00




പ്രസംഗപോഷിണി

(അൻപതു പ്രസംഗങ്ങളുടെ സമാഹാരം)

ബിജു ജി. ചെട്ടികുളങ്ങര

Quotable Quotes & Sacred Sayings

Aby Joseph



വചനതീർത്ഥം



കൊത്നെ ഞായർ

(വി. യോഹന്നാൻ 2:1–11)

ഫാ. മോൻസി ഫിലിപ്പ്

ആരാധനാവർഷത്തിലെ വിശുദ്ധ തീർത്ഥാടന കാലം. വലിയനോമ്പ് കാലം. ആദ്യഞായർ കൊത്നെ ഞായർ.കാനാവിലെ കല്യാണവിരുന്നു മുതൽ കർത്താവിന്റെ ഉയിർപ്പുവരെ പ്രാർത്ഥനയോടും ആത്മശുദ്ധിയോടും ഉപവാസത്തോടും ആയിരിക്കേണ്ടുന്ന നാളുകൾ. നോമ്പ്, ഉപവാസം, പ്രാർത്ഥനയിലൂടെ ഇന്ദ്രിയങ്ങളെ വരുതിയിലാക്കാനുള്ള കാലം. ഇഷ്ടങ്ങളുടെ വർജ്ജനം ആത്മീക ആഹാരം ഭോജനം ആക്കേണ്ടുന്ന നാളുകൾ. അൻപതു ദിവസം നീളുന്ന ഈ തീർത്ഥാടനത്തിൽ നാം പിന്നിടുന്ന ഓരോ നാഴികക്കല്ലുകളാണ് ഓരോ ഞായറാഴ്ചയും. ആവശ്യത്തിന് വിശ്രമവും ആത്മീയാഹാരവും ആർജ്ജിച്ചുകൊണ്ട് ഓരോ ആഴ്ച്ചയും പങ്കിടുമ്പോൾ, കാനാവിൽ വെള്ളം വീഞ്ഞായ അത്ഭുത സംഭവത്തിലുണ്ടായ മാറ്റം ലൗകീക ജീവിതത്തിന്റെ എല്ലാ തലങ്ങളിൽ നിന്നും ആത്മീക ജീവിതത്തിന്റെ സ്വർഗ്ഗീയത അനുഭവവേദ്യമായി തീരുന്നതിനായി ഈ നാളുകളിൽ നാം പരുവപ്പെടണം. ദൈവത്തോടടുക്കുന്നതിനും നമ്മെ രൂപാന്തരപ്പെടുത്തുന്നതിനുമുള്ള കാലമാണിത്.

ഈ ഞായർ വലിയ നോമ്പിലെ പേത്തർത്താ ഞായർ കൂടിയാണ്. പേത്തുർത്തോ എന്നതിന്റെ അർത്ഥം 'വിടപറയൽ' എന്നാണ്. സാധാരണ ജീവിതത്തിലെ എല്ലാ ആഘോഷങ്ങളോടുമുള്ള വിടപറയൽ. പഴയതിൽ നിന്ന് പുതിയതിലേക്കുള്ള കാൽവെപ്പ്. ദൈവീകതയിലേക്ക് വളരുവാൻ ഇന്നലെ വരെയുള്ളത് ഉപേക്ഷിക്കൽ, പുതിയ ആത്മീകാനുഭവത്തിന്റെ തീരത്തേയ്ക്കുള്ള യാത്ര.

ഇന്നത്തെ വേദഭാഗം

വി. യോഹന്നാൻ 2:1–11

കാനാവിലെ കല്യാണവീട്ടിലെ അദ്ഭുതം

കാനാവിലെ കല്യാണവീട്ടിൽ യേശുതമ്പുരാനും, അമ്മയും ശിഷ്യന്മാരും ക്ഷണിക്കപ്പെട്ടവരായി ഉണ്ടായിരുന്നു. വീഞ്ഞിന്റെ അപര്യാപ്തത അവിടെ സന്തോഷം ദുഃഖസാന്ദ്രമാക്കി. അമ്മ മറിയ യേശു തമ്പുരാനോട് വീഞ്ഞിന്റെ പോരായമയെക്കുറിച്ച് അറിയിച്ചു. "യേശു അവളോട് സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്?" (വി. യോഹന്നാൻ 2:4). മറുപടി. എന്നാൽ അമ്മ അവിടെയുണ്ടായിരുന്ന ശുശ്രൂഷക്കാരോട് "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ" (വി. യോഹ. 2:5) എന്നരുളി. ശുദ്ധീകരണ നിയമം അനുസരിച്ച് കുഴിഞ്ഞ ആറു കൽഭരണികൾ അതിൽ വെള്ളം നിറപ്പിൻ എന്ന് യേശുതമ്പുരാന്റെ ആജ്ഞ. അവർ വക്കോളം നിറച്ചു. കോരി വിരുന്നുവാഴിക്കു കൊടുപ്പിൻ എന്ന് യേശുതമ്പുരാൻ. അവർ കൊടുത്തു. മേത്തരമായ വീഞ്ഞ്. അങ്ങനെ ക്രിസ്തുവിന്റെ ആദ്യാത്ഭുതം കാനാവിൽ അനേകർ അവനിൽ വിശ്വസിച്ചു. ഇതാണ് ഇതിവൃത്തം.

വേദഭാഗചിന്തകൾ:

1. കാനാവിലെ ശൂന്യമായ കൽഭരണികൾ

വി. യോഹന്നാൽ 2:1–7.

ഗലീലയിലെ കാനാ സുറിയാനിയിൽ 'കൊത്ത്നെ' എന്ന് പ്രത്യേകം പറയുന്നതിന്റെ കാരണം; സിറിയയിൽ മറ്റൊരു കാനാ ഉണ്ടായിരുന്നു. 'കാനാ' നസ്രേത്തിൽ നിന്ന് ഏകദേശം 15 കിലോമീറ്റർ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു നഗരമാണ്. കാനാ നസ്രേത്തിൽ നിന്ന് നോക്കിയാൽ കാണാം എന്നു വി. ജെറോം പറയുന്നുണ്ട്. ഈ വിരുന്നിന്റെ പ്രത്യേകത നമ്മുടെ കർത്താവ്, തന്റെ മാതാവ്, ശിഷ്യന്മാർ അവിടെയുണ്ടായിരുന്നു. അവിടെ മാതാവിന് ചില പ്രത്യേകചുമതലകൾ ഉണ്ടായിരുന്നതായി ഈ ഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈജിപ്തിലെ ഒരു കോപ്റ്റിക് ഗ്രന്ഥത്തിൽ മണവാളന്റെ മാതൃസഹോദരിയായിരുന്നു വി. മറിയാം എന്നു പറയപ്പെടുന്നുണ്ട്.

യഹൂദന്മാരുടെ കല്യാണവിരുന്നുകളിൽ അവിഭാജ്യഘടകമായിരുന്നു വീഞ്ഞ്. കുടിച്ച് മത്തരാകുന്ന വിധത്തിലല്ല വീഞ്ഞ് വിളമ്പിയിരുന്നത്, തോതനുസരിച്ച് വീഞ്ഞും വെള്ളവും ചേർത്തായിരുന്നു. രണ്ടളവ് വീഞ്ഞിൽ മൂന്നളവ് വെള്ളം. വീഞ്ഞില്ലാതെ വരിക എന്നാൽ അവിടെ ചോറില്ലാതെ വരിക എന്ന രീതിയിൽ ആക്ഷേപകരമായിരുന്നു.

ആഘോഷങ്ങളുടെയും സന്തോഷത്തിന്റെ അനുഭവത്തിൽ ആയിരുന്ന കാനാവിലെ വീട്ടിൽ ദുഃഖത്തിന്റെ അരങ്ങ് കടന്നുവരുന്നു. ആരുമറിയാതെ കലവറയിൽ ദുഃഖത്തിന്റെ അനുഭവം. ഇല്ലായ്മയുടെ നിസ്സഹായതയും നിശ്ശബ്ദതയും നിനച്ചിരിക്കാതെ വന്നുചേരുന്ന പ്രതിസന്ധി. പക്ഷേ കലവറയ്ക്കുള്ളിലെ അവസ്ഥ ആരും പറയാതെ തിരിച്ചറിയുന്ന ഒരാൾ. ദൈവമാതാവ്. എല്ലാ അമ്മമാരുടെയും പ്രതിനിധി. ചിലപ്പോൾ അങ്ങനെയാണ്, പ്രതീക്ഷിക്കാതെ വരുന്ന സങ്കടങ്ങൾക്കപ്പുറം സന്തോഷത്തിന്റെ പരമാനന്ദം ഉണ്ട്, നിശ്ചയം.

മാതാവ് വീഞ്ഞില്ല എന്ന് യേശുവിനോട് ഉണർത്തിക്കുമ്പോൾ മറുപടി 'സ്ത്രീയേ എനിക്കും നിനക്കും എന്ത്?' 'തമ്മിൽ' ഉൾപ്പെടുത്തിയുള്ള ഭാഷാന്തരം ഭാഷാപരമായും പണ്ഡിതവീക്ഷണത്തിലും തെറ്റാണ്. ഗ്രീക്കിൽ 'എനിക്കും നിനക്കും ഇതിൽ എന്തു കാര്യം' എന്നാണ്. 'സ്ത്രീ' സുറിയാനിയിലും ഗ്രീക്കിലും ഏറെ ബഹുമാനമുള്ള വാക്കാണ്. 'Gunai' എന്ന ഗ്രീക്ക് വാക്കിന് 'മഹതി' എന്നും ഭാഷാന്തരം ചെയ്യാം. എന്തായാലും മാതാവ് കല്പിച്ചു അവൻ പറയുന്നതുപോലെ ചെയ്‌വിൻ.

വി. യോഹന്നാൻ 2:6

"യഹൂദന്മാരുടെ ശുദ്ധീകരണ നിയമം അനുസരിച്ച് രണ്ടോ മൂന്നോ പറവീതം കൊള്ളുന്ന ആറു കൽപ്പാത്രം" ഉണ്ടായിരുന്നു.

യഹൂദരുടെ ശുചീകരണത്തിന് എന്നു പറയുന്നത് യഹൂദമര്യാദകളറിയാത്ത ഗ്രീക്കുകാരെയും ഉദ്ദേശിച്ചാണ്. യഹൂദരുടെ ശുദ്ധീകരണരീതി. ശുചീകരണം.

1. വഴിനടന്നു വരുന്നവരുടെ കാലുകൾ കഴുകുക.
2. ഭക്ഷണത്തിന് മുമ്പ് കൈകൾ കഴുകുക.
3. ഭക്ഷണത്തിനിടയ്ക്ക് കൈകൾ കഴുകുക.

ഇതിനായി ഉപയോഗിച്ചിരുന്ന കൽഭരണികൾ ശൂന്യമായി. വേലക്കാരോട് ഇതിൽ കോരിനിറപ്പിൻ. അദ്ധ്വാനം ആവശ്യം. നമ്മുടെ ജീവിതത്തിലും അധ്വാനമില്ലാതെ ആരാധനയുടെ മനോഹാരിത ദർശിക്കുവാനും അനുഭവിക്കുവാനും സാദ്ധ്യമല്ല.

കാനാവിലെ ശൂന്യമായ കൽഭരണികൾപോലെ നമ്മുടെ ജീവിതവും, ആത്മികതയും "ആറ് കൽഭരണികൾ" നോമ്പിന്റെ യാത്രയിൽ 'ആറ് അത്ഭുതത്തിന്റെ ഞായറുകൾ' നമുക്കും അധ്വാനിക്കാം. ജീവിതമാകുന്ന കൽഭരണികൾ ശൂന്യമാണെങ്കിൽ ഈ ദിനങ്ങളിൽ അതു വക്കോളം നിറയ്ക്കാം. ക്രിസ്തു അതിനെ മേത്തരമാക്കും.

ക്രിസ്തുവിനെ ധ്യാനിക്കുന്ന നിമിഷങ്ങളിൽ വെളിവാകുന്ന ഒരു സത്യമാണ്; "എല്ലാവരും ഉപേക്ഷിക്കുന്നിടത്തു നിന്നാണ് ക്രിസ്തു സ്നേഹപ്രവർത്തികൾ തുടങ്ങുന്നത്. അവിടെ അതിർത്തികൾ ഉണ്ടാക്കപ്പെടുന്നില്ല. ഉള്ള അതിർ ശക്തികൾ തകർക്കപ്പെടുകയാണ്."

2. മാതാവിന്റെ ആജ്ഞാ – അവൻ കല്പിച്ചാൽ ചെയ്യുവിൻ

വി.യോഹ. 2:5

വി. മറിയം ശുശ്രൂഷരോടായി പറയുന്നു "അവൻ നിങ്ങളോട് എന്തെങ്കിലും

കല്പിച്ചാൽ അതു ചെയ്യുവിൻ.” വി. നോമ്പിൽ മാതാവ് നമ്മോടുമായി നൽകുന്ന ഒരു ഉപദേശമായി നമുക്ക് ഇതിനെ മനസ്സിലാക്കാം. ഇത് എല്ലാ ക്രിസ്തീയ സേവകർക്കും വേണ്ടിയുള്ള വാക്കാണ്. നമ്മോടു കല്പിക്കുവാനുള്ള അവകാശം മറ്റാർക്കുമില്ല, എന്തെന്നാൽ നമ്മെ വീണ്ടെടുത്തിരിക്കുന്നത് ക്രിസ്തു ആകയാൽ നാം ക്രിസ്തുവിന്റെ വകയാണ്. അവൻ നമ്മുടെ ഏക ഗുരുവും കർത്താവുമാണ്. കർത്താവ് കല്പിക്കുന്നത് ചെയ്യുവാൻ നാം കടപ്പെട്ടവരാണ്. കാരണം “എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ” (വി. ലൂക്കോ. 22:42) എന്നു സമർപ്പിച്ച് നമുക്കായി ക്രൂശിൽ കയറിയവനാണ്. വീഞ്ഞിന്റെ അപര്യാപ്തതയിൽ യേശുതമ്പുരാൻ കല്പിച്ചു. കൽഭരണികളിൽ കോരി നിറപ്പിൻ. അവർ വക്കോളം നിറച്ചു. കൊണ്ടുപോയി കൊടുപ്പിൻ. അതു രുചിയുള്ള മേത്തരം വീഞ്ഞ്. അവൻ കല്പിക്കുന്നത് നാമും ചെയ്താൽ മനുഷ്യജീവിതം അനുഗ്രഹമാകും. അവൻ കല്പിക്കുന്നവ.

1. മനസാന്തരം

“അന്നു മുതൽ യേശു: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചു തുടങ്ങി” (വി. മത്തായി 4:17).

മനസ്സിന്റെയും ഹൃദയത്തിന്റെയും പാപചിന്തകൾ, ചെയ്തികൾ സ്വയം വിട്ട് ദൈവത്തിലേക്ക് ആത്മാർത്ഥമായി തിരിയുന്ന അനുഭവം. അതിൽ മനസ്സിന്റെ മാറ്റം പ്രധാനം. പാപാത്മക ഗതിയിൽ നിന്ന് ദൈവത്തിലേക്കുള്ള സമൂലമായ തിരിയൽ.

2. അനുഗമിപ്പാൻ

“എന്റെ പിന്നാലെ വരുവിൻ”(വി. മത്തായി 4:19)

“ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ.” (വി. മത്തായി 16:24).

3. ശുശ്രൂഷക്കാർ ആകുവാൻ

“ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം.” (വി. മർക്കോസ് 9:35).

“നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം.” (വി. മത്തായി 20:16)

4. സമ്പൂർണ്ണർ ആകുവാൻ

ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ.

അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ.

1. ദൈവത്തിന്റെ ഇഷ്ടം അനുസരിക്കുന്നതിന്
2. ദൈവാനുഗ്രഹമായി രൂപാന്തരപ്പെടുന്നതിന്

നമുക്കും അവൻ കല്പിക്കുന്നതുപോലെ പ്രവർത്തിക്കാം. അവൻ നമ്മോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവാനുള്ള താല്പര്യം നമ്മിൽ വർദ്ധിക്കട്ടെ. അങ്ങനെ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരായിത്തീരുമ്പോൾ നമ്മുടെ രൂപാന്തരം അർത്ഥമുള്ളതും ഇന്നിന്റെ കാലത്തിൽ യാഥാർത്ഥ്യമുള്ളതുമാകും.

കാനാവിലെ കല്യാണവീട്ടിലെ അത്ഭുതം വെള്ളം രുചികരമായ വീഞ്ഞായി. അത് രുചിച്ച് യാത്രയാകാം. വി. നോമ്പിലേക്ക്. ലോകത്തിന് രുചി വരുത്തുന്ന വീഞ്ഞായി നാം മാറണം. മേൽത്തരം വീഞ്ഞ് രുചിക്കുന്നവന്റെ നാവിലാണ്. അയൽക്കാരന്റെ നാവിലൂടെ ക്രിസ്ത്യാനി പ്രശംസിക്കപ്പെടണം.

“നാം ക്രിസ്ത്യാനികളാണെന്ന് ലോകം മനസ്സിലാക്കുന്നത് കഴുത്തിലെ കുരിശുകൊണ്ടാകരുത്, നമ്മുടെ പ്രവൃത്തികളിലൂടെയാകണം. അയൽക്കാരന്റെ നാവിലൂടെയാകണം, ചുറ്റുമുള്ളവരുടെ അനുഭവത്തിലൂടെയാകണം.



പരുമല പള്ളിയിൽ ഡിജിറ്റൽ കിയോസ്ക് മെഷീൻ ഉദ്ഘാടനം ചെയ്തു

മാന്നാർ: പരുമല പള്ളിയിൽ വിശുദ്ധ കുർബാനയ്ക്കുള്ള പേരുകളും സംഭാവനകളും സമർപ്പിക്കാനുള്ള ഇന്റർനെറ്റ് സംവിധാനമുള്ള ഡിജിറ്റൽ കിയോസ്ക് പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം നിർവഹിച്ചു. പരുമലയിലെത്തുന്ന വിശ്വാസികൾക്ക് വിവിധ ആവശ്യങ്ങൾക്ക് പണം സംഭാവന ചെയ്യുവാൻ ഇതു വഴി സാധ്യമാകുന്നു. ഉടൻ തന്നെ ഇലക്ട്രോണിക് രസീതും ലഭിക്കും.



ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലിത്ത രചിച്ച ‘ബൈബിൾ പ്രഘോഷണങ്ങൾ’ എന്ന ഗ്രന്ഥം സഭകളുടെ ലോക കൗൺസിൽ മോഡറേറ്റർ ഡോ. മാത്യൂസ് ജോർജ് ചുനക്കര പ്രകാശനം ചെയ്തു. ആദ്യ പ്രതി ഡോ പോൾ മണലിൽ ഏറ്റുവാങ്ങി. ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.



കുണ്ടറ എം.ജി.ഡി. ഹയർ സെക്കന്ററി സ്കൂളിൽ പുതുതായി നിർമ്മിച്ച ഇരുനിലകെട്ടിടത്തിന്റെ കൂദാശകർമ്മവും ഉദ്ഘാടനവും കാതോലിക്കേറ്റ് & എം ഡി സ്കൂൾസ് മാനേജർ ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, സ്കൂൾ കോഡിനേറ്റർ ഫാ. ഡോ. കോശി വൈദ്യൻ, വൈദിക ശ്രേഷ്ഠർ, സ്കൂൾ അധ്യാപകർ, പിടിഎ അംഗങ്ങൾ കുട്ടികൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

വളഞ്ഞവട്ടം സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം വേണാട്ടിപ്പടവിൽ ഡാനിയേൽ കുറിയാക്കോസിന്റെയും ലിസി ഡാനിയേലിന്റെയും മകൻ റോജോ കുര്യൻ ഡാനിയേൽസ് മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് (മാളവ്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ജയ്പൂർ) നേടി. മുൻജാൽ സർവ്വകലാശാലയിൽ മെക്കാനിക്കൽ വിഭാഗം അസി. പ്രൊഫസർ ആണ്.



Church Calendar



The Wedding at Cana and the Path of Transformation

St. John 2:1–11

Dn. Aaron Joshua John

The Great Lent, begins with an invitation to repentance, transformation, and renewal. It is a time when we intentionally turn away from sin and draw closer to God through fasting, prayer, and charity. The Church, in her wisdom, begins this sacred season with the Gospel reading of the wedding at Cana, where Christ performs His first public miracle by turning water into wine. This miracle is not just a display of divine power; it is a sign of what Christ desires to do in each of us during Lent, to take our broken, ordinary selves and transform us into vessels of His grace. The readings of this Sunday call us to reflect on God's abundant mercy and remind us that Lent is not only about mourning our sins but also about anticipating the joy of resurrection and spiritual renewal.

1. Christ, the Bridegroom Who Transforms Our Brokenness

The miracle at Cana is rich in symbolism. The six stone jars, used for ritual purification, represent the old, incomplete order of things a humanity in need of redemption. Christ's act of filling them with new wine points to the fulfilment of the Law and the arrival of the Kingdom of God. This miracle prefigures the Eucharist, where Christ turns wine into His blood, offering Himself for the life of the world. St. Cyril of Jerusalem reflects on this mystery: "He once changed water into wine, but now He changes wine into blood. It is not man who causes the water to become wine, but Christ who performs the miracle. In the same way, it is not man who causes the bread and wine to become His body and blood, but He who was crucified for us."

This transformation is what Lent is all about. Just as Christ transformed the water, He desires to transform our hearts. When we bring our sins, wounds, and struggles to Him, He replaces them with grace, healing, and new life. The miracle of Cana reminds us that no matter how empty or broken we may feel, Christ can fill us with the new wine of His Spirit. As 2 Corinthians 5:17 says: "If anyone is in Christ, he is a new creation; old things have passed away; behold, all things have become new."

2. The Theotokos and the Call to Obedient Love

The role of the Theotokos, Mary, in this miracle cannot be overlooked. It is she who notices the lack of wine and intercedes for the couple, saying: "They have no wine" (John 2:3). Her words, "Do whatever He tells you" (John 2:5), are a model of faith and obedience, the very essence of the Lenten journey. St. John Chrysostom writes: "The Virgin did not command the Saviour, but with motherly confidence entrusted the need to Him, teaching us to bring our petitions to Christ and trust in His divine will."

The servants, though they didn't understand Christ's plan, obeyed His command to fill the jars with water. It was through this obedience that the miracle unfolded. Likewise, Lent calls us to radical obedience, to fast, to pray, to forgive, to give to the poor, even when it's difficult. Just as the servants were surprised by the miracle, we, too, will experience the transforming grace of Christ when we surrender ourselves in obedience to Him. The prophet Joel reminds us of this call to repentance and trust: "Return to Me with all your heart, with fasting, with weeping, and with mourning" (Joel 2:12).

The first Sunday of Great Lent reminds us that this season is not a burden but a gift. It is a time when Christ, the Bridegroom, invites us to His banquet, not with the old, tasteless wine of sin, but with the new, rich wine of His grace. The path may be difficult, marked by fasting and repentance, but it leads to joy, resurrection, and eternal life. St. Basil the Great encourages us: "Let us fast from sin, not only from food. Let us forgive, so that we may be forgiven. Let us journey through the desert of repentance, so that we may enter the promised land of the Kingdom." As we step into Lent, let us heed the words of the Theotokos: "Do whatever He tells you." Let us fill our hearts with prayer, humility, and acts of love, trusting that Christ will transform our efforts, however small, into something beautiful and eternal. And when Pascha arrives, we will taste the true joy of the heavenly banquet, where Christ Himself will say to us: "Come, enter into the joy of your Lord" (Matthew 25:21).

May this Lenten season be a time of deep repentance, profound transformation, and renewed hope as we journey towards the empty tomb and the radiant light of the Resurrection. ❑



പുസ്തകം പ്രകാശനം ചെയ്തു

കോട്ടയം: ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ രചിച്ച 'വി. കുർബ്ബാന പൗരസ്ത്യ ക്രൈസ്തവ സഭാ പാരമ്പര്യത്തിൽ: ഒരു ആസ്വാദന പഠനം' എന്ന പുസ്തകം ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ പ്രകാശനം ചെയ്തു. ഫാ. ഡോ. കോശി രചിച്ച 'വിശുദ്ധ കുർബാന പൗരസ്ത്യ ക്രൈസ്തവസഭാ പാരമ്പര്യത്തിൽ', പനക്കൽ യാക്കോബ് മൽപ്പാൻ രചിച്ച 'വിശുദ്ധ കുർബാന ധ്യാനം' എന്നീ ഗ്രന്ഥങ്ങളുടെ ആസ്വാദനവും അനുബന്ധ പഠനവുമാണ് ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഈ പുസ്തക രചനയിലൂടെ നിർവഹിച്ചിട്ടുള്ളത്.



ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന ഫിലോ ബിബ്ലിയ പ്രദർശനം ജോഷ്വാ മാർ നിക്കോദിമോസ് സന്ദർശിക്കുന്നു. പ്രദർശനത്തിന്റെ കുറേറ്ററായ ഫാ. ഡോ. എബ്രഹാം കോശി കുന്നുംപുറം സമീപം.

സാമൂഹിക വിഷയങ്ങൾ ചർച്ചയായി. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് തുടക്കം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ തുടക്കമായി. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ അധ്യക്ഷത വഹിച്ചു. വത്തിക്കാനിൽ ചികിത്സയിൽ കഴിയുന്ന ഫ്രാൻസിസ് മാർപാപ്പായുടെ രോഗമുക്തിക്കായി പ. സുന്നഹദോസ് പ്രാർത്ഥന നടത്തി. ഫ്രാൻസിസ് മാർപാപ്പായുടെ ആരോഗ്യത്തിനായി ലോകജനതക്കൊപ്പം മലങ്കര സഭയും പ്രാർത്ഥിക്കുന്നതായി പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അറിയിച്ചു.

കേരളത്തിൽ ലഹരി മാഫിയകൾ ആഴത്തിൽ വേരിറക്കിയെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് സമൂഹം ജാഗ്രത പാലിക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ആവശ്യപ്പെട്ടു. ലഹരിക്ക് അടിമപ്പെട്ട് സ്വന്തം മാതാപിതാക്കളെയും, സഹോദരങ്ങളെയും കൊലപ്പെടുത്തുന്ന യുവതയെക്കുറിച്ചുള്ള വാർത്തകൾ ഇന്ന് ഒറ്റപ്പെട്ട സംഭവമല്ല. പോലീസ് റിപ്പോർട്ട് ചെയ്യുന്ന പല കേസുകളുടെയും പിന്നണിയിൽ മയക്കുമരുന്നിന്റെ ഉപയോഗം വെളിവാകുന്നു. സർക്കാരും, പോലീസ്-എക്സൈസ് സംവിധാനങ്ങളും മാത്രം വിചാരിച്ചാൽ തടയാൻ കഴിയുന്നതിനപ്പുറത്തേക്ക് ലഹരിയുടെ നീരാളിക്കരങ്ങൾ കേരളത്തെ ഗ്രസിച്ചിരിക്കുന്നതിൽ സുന്നഹദോസ് ആശങ്ക രേഖപ്പെടുത്തി.

ലഹരിമരുന്നിന്റെ ഉപയോഗം പോലെ ഗുരുതരമാണ് മദ്യവും. മദ്യാപനത്തിലൂടെ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന ഒരു സമൂഹമാണ് ഇവിടെ സൃഷ്ടിക്കപ്പെടുന്നത്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കേണ്ടതിന് പകരം മദ്യ നിർമ്മാണശാലകൾക്ക് അനുമതി നൽകുന്നത് ലഹരി മാഫിയകളെ പാലൂട്ടുന്നതിന് തുല്യമാകും.

മയക്കുമരുന്ന് ഉപയോഗത്തിൽ നിന്ന് പുതുതലമുറയെ അകറ്റിനിർത്താനുള്ള ബൃഹത്തായ കർമ്മപദ്ധതികൾക്ക് സർക്കാർ തുടക്കം കുറിക്കണം. സ്കൂളുകൾ കേന്ദ്രീകരിച്ച് നടക്കുന്ന പ്രവർത്തനങ്ങൾ കേവലം ലഹരി വിരുദ്ധ പ്രതിജ്ഞയിൽ മാത്രം ഒതുങ്ങരുത്. സ്ക്കൂളുകൾതോറും വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാനുള്ള എല്ലാ ശ്രമങ്ങൾക്കും സഭയുടെ പൂർണ പിന്തുയുണ്ടാകും. ലഹരി ഉപയോഗത്തെ ലഘൂകരിക്കുന്ന ചലച്ചിത്രങ്ങൾ നമ്മുടെ കുഞ്ഞുങ്ങളെ സ്വാധീനിക്കുന്നുണ്ട്. ഇത്തരം സിനിമകളിൽ നിന്ന് വിട്ടുനിന്ന് ഭാവി തലമുറയെ ലഹരിവലയിൽ നിന്ന് രക്ഷിക്കാനുള്ള ശ്രമങ്ങൾക്കൊപ്പം കലാകാരൻമാരും കൈകോർക്കണം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുഴുവൻ മെത്രാപ്പോലീത്താമാരും പങ്കെടുക്കുന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മാർച്ച് ഒന്ന് വരെ നീണ്ടുനിൽക്കും.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ചരമ നവതി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ അഖില മലങ്കര പ്രബന്ധ രചനാ മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹനായ ഫാ. ടിജോ കുറിയാക്കോസ് മണലേൽ. വടക്കൻമണ്ണൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവക അംഗവും അങ്കമാലി ഭദ്രാസന പ്രാർത്ഥനാ യോഗം വൈസ് പ്രസിഡണ്ടും ജോസ്ഗിരി സെന്റ് മേരീസ് ഓർത്തഡോസ് പള്ളി, മഴുവന്നൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി എന്നിവകളുടെ വികാരിയും ഗ്രന്ഥകാരനുമാണ്.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ചരമ നവതി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ അഖില മലങ്കര പ്രബന്ധ രചനാ മത്സരത്തിൽ രണ്ടാം സ്ഥാനത്തിന് ഡെറിൻ രാജു അർഹനായി. സഭാചരിത്രകാരനും പ്രഭാഷകനും ഗ്രന്ഥകാരനുമാണ്. വാകത്താനം വെട്ടിക്കുന്നേൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.



വി.ബി എസ്. പൂർവ്വാഞ്ചൽ യൂണിവേഴ്സിറ്റിയിൽ നിന്നും അപ്ളൈഡ് സൈക്കോളജിയിൽ സാനറ്റ് തോമസിന് ഡോക്ടറേറ്റ് ലഭിച്ചു. കാവുംഭാഗം സെന്റ് മൽക്ക് ഓർത്തഡോക്സ് ഇടവകയിൽ ഇലഞ്ഞിമൂട്ടിൽ തോമസ് ജോണിന്റെയും ഷൈല തോമസിന്റെയും മകനാണ്.



2024 വർഷത്തെ സംസ്ഥാനത്തെ മികച്ച പ്രിൻസിപ്പൽ തഹസിൽദാർ ആയി സുനിത ജേക്കബ് തിരഞ്ഞെടുക്കപ്പെട്ടു. തൃശ്ശൂർ തഹസിൽദാർ ആയിരിക്കെ നടത്തിയിട്ടുള്ള പ്രവർത്തന മികവാണ് പുരസ്കാരത്തിന് അർഹയാക്കിയത് ഇപ്പോൾ കൊച്ചി തഹസിൽദാർ ആയി സേവനമനുഷ്ഠിച്ചു വരുന്നു. പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.



കേരള സർക്കാരിന്റെ മികച്ച വില്ലേജ് ഓഫീസർക്കുള്ള അവാർഡ് ദിവ്യാ കോശിക്ക് ലഭിച്ചു. നിലവിൽ പുറമറ്റം വില്ലേജിന്റെയും കല്ലൂപ്പാറ വില്ലേജിന്റെയും ഓഫീസറായി പ്രവർത്തിക്കുന്നു. മഠത്തുംഭാഗം നോർത്ത് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.